# ഉദ്യാനലക്ഷ്മി

വിണ്ണിൽ വെളിച്ചം കുടിച്ചിട്ടുമെൻ
കണ്ണുകൾ രണ്ടുമടഞ്ഞുതിർന്നാൽ
ലോകം പറയും:—“അക്കണ്ണുകളേതോ
ശോകത്തിൻ പാഴ്നിഴലായിരുന്നു!”

ചങ്ങമ്പുഴ

# ഉദ്യാനലക്ഷ്മി

രചയിതാവു്,

ചങ്ങമ്പുഴ കൃഷ്ണപിള്ള

ഇടപ്പള്ളി

പ്രകാശകർ,

ശ്രീരാമവിലാസംപ്രസ്സ് & ബുക്കഡിപ്പോ,

കൊല്ലം.

നാലാംപതിപ്പ് കാപ്പി 1000

വില [illegible] 1 ന: പൈ. 12.

Digitized By Kerala Sahitya Akademi

ശ്രീരാമവിലാസം പ്രസ്സ്,
കൊല്ലം.

★

1133/1957.

Digitized By Kerala Sahitya Akademi

# DEDICATION

TO

MY PROFESSORS, FRIENDS

AND

CLASS-MATES

AT THE

# MAHARAJA'S COLLEGE

ERNAKULAM

COLLEGE OF ARTS
TRIVANDRUM
1-3-1115

C. K. P.

Digitized By Kerala Sahitya Akademi

# കവിതകൾ.

1. ഉദ്യാനലക്ഷ്മി
2. യൗവനം
3. സമാഗമം
4. കുമാരനാശാൻ
5. ജലദേവത
6. പിഴച്ച പൂജ
7. മരീചിക
8. നദീതടത്തിൽ
9. പ്രതിഷേധം
10. പറന്നുപോയ വൈകുണ്ഠം
11. കാമുകൻ വന്നാൽ
12. രാഗോപഹാരം
13. നിഗൂഢനിർവൃതി
14. പ്രകൃതിയിലേയ്ക്കു്
15. പിശാചിന്റെ പിടിയിൽ
16. ശ്മശാനത്തിൽ
17. പ്രാണേശ്വരി
18. വെളിച്ചത്തിന്റെ മുമ്പിൽ
19. രാജകുമാരി
20. അർത്ഥന.

Digitized By Kerala Sahitya Akademi

# ഉദ്യാനലക്ഷ്മി

അവളെയൊരു നോക്കൊന്നു കാണുവാൻമാത്രമാ-
ണതികുതുകമാർന്നു ഞാൻ ചെന്നതന്നന്തിയിൽ;
അമരവരകന്യമാരാളുന്ന ലജ്ജയാ-
ലടിതൊഴുതുനിന്നുപോമാകാരശോഭയാൽ
അലർവനിയിലൊക്കെയും വെണ്മവീശിട്ടുമാ-
റവളവിടെയൊററയ്ക്കു നില്പതായ് കണ്ടു ഞാൻ.

കുളിർകുടിലകുന്തളം പിന്നിലായ്ക്കെട്ടിയി-
ട്ടതിനകമൊരോമനച്ചെമ്പനീർപ്പൂവുമായ്
ഒരു ചെറിയചെമ്പകത്തയ്യിൻചുവട്ടി,ലാ-
ക്കനകലത മിന്നുന്ന ശൃംഗാരലോലയായ്!

തരുണഹൃദയങ്ങളിൽ കാവ്യാങ്കുരങ്ങളാൽ
തരളത തളിക്കുന്ന മഞ്ജുമന്ദസ്മിതം
പുതുപവിഴധൂളികാരേഖപോൽ കാൺമൊര-
ത്തളിരധരകങ്ങളിൽ ചിന്നിപ്പൊടിയവേ,
മമ ഹൃദയമെന്നോടു മന്ത്രിച്ചു:—"ജീവിതം
മധുരതരമാക്കുന്ന സൗന്ദര്യദർശനം!!"...
അരികിലലകങ്ങൾ തലോടിനിൽക്കാ,നന്നൊ-
രമലമലയാനിലൻപോലുമായില്ല ഞാൻ!

Digitized By Kerala Sahitya Akademi

*  *  *

ധവളതുഹിനാശ്ലേഷിതാർദ്രപ്രഫുല്ലമാം
നവനളിനകോമളമായ നിന്നാനനം
മമ മനസി മുദ്രിതമായിക്കഴിഞ്ഞതാ-
മറവിയിനിമായ്ക്കിലും മായുകില്ലോമലേ!
തവ ലളിതപാദയുഗളഗളിതകളശിഞ്ജിതം
തരളമുരളീരവംപോലെ തോന്നുന്നു മേ.

അരികിലൊരുമാൻപേട നീണ്ടകൺകോണിനാ-
ലവളെയുരുമോദമാന്നറവുനോക്കുന്നതും,
തരിവളകൾ മെല്ലെക്കിലുങ്ങുമാറോമലാൾ
കരലതകളാലതിൻമെയ് തലോടുന്നതും,
മഹിതരുചി പൊഴിയുമൊരു സാന്ധ്യദ്യുതിയിലാ-
മലർവനിക മുങ്ങിക്കുളിച്ചുനില്ക്കുന്നതും,—
അരുതരുതു മറക്കുവാൻ!—മോഹനമാരംഗ-
മൊരുദിവസമെങ്കിലുമോർക്കാതെയില്ല ഞാൻ!! ...

*  *  *

നിമിഷശതസംഭവം പിന്നിട്ടു പിന്നിട്ടു
സമയരഥചക്രം കറങ്ങി മുന്നോട്ടുപോയ്
ഒരുദിവസമുച്ചയ്ക്കു കന്നിമാസത്തിലെ-
പ്പൊരിവെയിലിൽ മുററത്തു കററയുണങ്ങവേ,
പുരയരികിൽ നില്ക്കുന്ന ഞാവലിൻചോട്ടിലെ-
ത്തണലിലൊരു മുണ്ടും വിരിച്ചു കിടന്നു ഞാൻ.
വെടിപറയുവാനപ്പൊഴേയ്ക്കും, വിശറിയും
കുടവയറുമായിവന്നെത്തിയെൻതോഴനും.

Digitized By Kerala Sahitya Akademi

മുഖവുരയിലാദ്യമായ് പൊട്ടിച്ചിരിച്ചുകൊ-
ണ്ടവനധികഹാസ്യമാന്നോതിനാനീവിധം:—

“ഇനിവെറുതെയൊന്നും ഭജിക്കേണ്ട;—നീ കണ്ട
വനകുസുമമേതോ നഗരസൗധത്തിലായ്;
ഒരു പരമഭാഗ്യവാൻ പാണിഗ്രഹോത്സവം
പരിചൊടു നടത്തി നിന്നുദ്യാനലക്ഷ്മിയെ! ! ...”

*　　*　　*

സിരകളൊരുമിച്ചൊന്നുലഞ്ഞു;—ഹാ! പെട്ടെന്നൊ-
രിരുളിലുലകം വീണടിഞ്ഞതായ് തോന്നി മേ.
അവളിലനുരാഗമില്ലെങ്കിലും, മിന്നിയെ-
ന്നകതളിരിലഞ്ചൊരു മിന്നൽപ്പിണരുകൾ!!...

---

# യൗവനം

---

നിങ്ങൾക്കു നിർബ്ബന്ധമാണെങ്കിൽ, ഞാനിതാ-
സന്നദ്ധനാണക്കഥ പറഞ്ഞീടുവാൻ.
ഇങ്ങുവരുവി,നെൻചുററുമാ,യീ മരം
തന്നിടുന്നോരിത്തണലത്തിരിക്കുവിൻ!

Digitized By Kerala Sahitya Akademi

തപ്തഹൃദയനായ്, ഭൂതകാലത്തിലേ-
യ്ക്കെത്തിനോക്കാറുണ്ടിടയ്ക്കിടയ്ക്കൊക്കെ, ഞാൻ;
ഇന്നു, വാൎദ്ധക്യ, മിപ്പാഴ്നരയെന്തിനോ
ചിന്നിയെൻശീൎഷം വെളുപ്പിച്ചുവെങ്കിലും,
ഇല്ലായിരുന്നില്ലൊരിക്കലെനിക്കു,മുൽ-
ഫുല്ലപുഷ്പംപോൽ ചിരിക്കുന്ന യൗവനം.

വാൎദ്ധക്യവേദിയിൽ ചെന്നെത്തി, ജീവിത-
വാസ്തവംനോക്കി, നെടുവീൎപ്പിടുന്നുനാം!
മുന്നോട്ടുപായുന്ന നമ്മൾക്കൊരിത്തിരി
പിന്നോട്ടുനോക്കു,ലെന്താശ്വാസവിശ്രമം!!
ഹാ! മനോരാജ്യം, സ്മരണ,യിവയിലെ-
ക്കോമളമാകും സുധാസവനിൎഝരം
ഇല്ലെങ്കി,ലയ്യോ! മനുഷ്യൻെറ ജീവിതം
പുല്ലും കുരുക്കാത്ത പാഴ്മരുമണ്ഡലം!
'ഇന്നലെ' നൽകിയ നിൎവൃതിയോൎക്കലാ-
ലെന്നു,മാ 'നാളെ'യെക്കാത്തിരിക്കുന്നു നാം!
സൗന്ദൎയ്യമാണിപ്രപഞ്ചമതിൻമൃദു-
ചുംബനമേററു, മധുരിപ്പൂ ജീവിതം!

അന്നൊക്കെ, നിങ്ങളെപ്പോലെ, വികസിച്ചു
കണ്ണുകൾകൊണ്ടു നുകൎന്നു വിശ്വത്തെ, ഞാൻ!
മായാമധുരിമവീശി,യകലത്തു
പോയി ലയിക്കും മണിയൊലിമാതിരി,
കാലത്തു, കാട്ടുംമലകൾക്കുമപ്പുറം
കാണുന്ന വിണ്ണിൻെറ നീലിമമാതിരി,

Digitized By Kerala Sahitya Akademi

അററം കൊളുത്തിപ്പിടിച്ച നിലാത്തിരി
ചുററും പൊഴിക്കും കളിരൊളിമാതിരി,—
അവ്യക്തമോഹനമാനന്ദപൂർണ്ണ,മാ-
നിർവ്യാജരാഗം തുളുമ്പുന്ന യൗവ്വനം!!
പച്ചപ്പടപ്പിൽ പറന്നപാറി, സ്വയം
സ്വച്ഛന്ദക്രൂജനം ചെയ്യുന്ന കോകിലം
ഇന്നുമനുഭവിപ്പീ,ലെന്നിലന്നൊക്കെ
വിണ്ണിൽനിന്നിററിററു വീണ സുധാകണം!
നീരണിപ്പൊയ്കകൾ, താരണിത്തോപ്പുകൾ
നീളെനിരന്നുള്ള പച്ചിലക്കാട്ടുകൾ!—
കാണുന്നതെല്ലാമൊരാനന്ദമാണെന്നു
കാര്യമെനിക്കെന്തു കണ്ണീർപൊഴിക്കുവാൻ?
എന്താണു യൗവ്വനം?—നശ്വരതത്വത്തിൻെറ
സുന്ദരമാമൊരു വീണവായിക്കലാം!
മർത്ത്യതതൻമൃദുകോമളമാമൊരു
സ്വപ്നാടനത്തിലെപ്പുഞ്ചിരിക്കൊള്ളലാം!
പാവനമാമൊരു പുഷ്പാഞ്ജലിക്കുള്ള
ജീവിതത്തിൻെറ വിളക്കുകൊളുത്തലാം!
നമ്മളറിയാതെ, നമ്മിൽപ്പൊട്ടുന്നനെ-
ച്ചിന്നിപ്പടരുന്ന കോരിത്തരിക്കലാം!—
ആറിത്തണുത്തമറവിയ,ല്ലെപ്പൊഴു-
മാളിപ്പടർന്നിട്ടുന്നോർമ്മതാൻ യൗവ്വനം!!

* * *

പൂത്തകടമ്പിനെപ്പോലെ,യതിനെയി-
ന്നാത്തകൗതുഹലം നോക്കി രസിപ്പൂ ഞാൻ!!

Digitized By Kerala Sahitya Akademi

# സമാഗമം

ആനന്ദദേവതേ! നീയുറങ്ങു-
മാമണിമച്ചിൻകവാടകത്തിൽ,
പ്രേമപരവശൻ ഞാനൊരിക്കൽ
രോമഹർഷത്തിനെ സാക്ഷിനിർത്തി
സല്ലാപലീലകൾക്കായി, നിന്നെ-
ത്തെല്ലിട മുട്ടിവിളിച്ചുനോക്കി.

വാനവും ഭൂമിയുമൊപ്പമപ്പോൾ
പൂനിലാപ്പൊയ്കയായ് തീർന്നിരുന്നു;
ഇല്ലൊരു കാർമുകിൽ പോലുമെങ്ങും
എല്ലായിടത്തും തനിപ്രകാശം.
തെററിത്തെറിച്ചു, ചെടിപ്പടർപ്പിൻ-
ചുററുമായ്, നേരിയ മർമ്മരങ്ങൾ
വാസന്തിപ്പൂമണം പൂശിപ്പൂശി
വാസന്തവായു തളർന്നു വീശി.

ഗാനംതുളുമ്പുന്ന വേണുവുമായ്
ഞാനെൻനിഴലിൽ മറഞ്ഞുനിൽക്കേ,
നശ്വരമല്ലാത്തൊരത്ഭുതംപോൽ
വിശ്വമെൻമുന്നിൽ പരിലസിച്ചു.

Digitized By Kerala Sahitya Akademi

മൽപ്രതാപത്തിൻപ്രതിഫലിത-
സ്വപ്നമായ് ഞാൻ കണ്ടൊരാനന്ദമേ!
നിന്നിളംപുഞ്ചിരിപ്പൂക്കൾ,ളോരോ-
ന്നെന്നാത്മതന്തുവിൽ കോർത്തിണക്കി,
ആകമ്രമാ,മൊരു മാലകെട്ടി
ലോകത്തിനേകുവാൻ ഞാൻ കൊതിച്ചു!
വാരൊളിവീശുമതിൻവിലാസം
വാടാത്തതാണെന്നും ഞാൻ ഭ്രമിച്ചു!

ആകയാ,ലാനന്ദദേവതേ! നി-
ന്നേകാന്തസുപ്തിയവഗണിച്ചും,
നിൻമുറിവാതിലിൽ മുട്ടി മുട്ടി-
പ്പിന്നെയും പിന്നെയും ഞാൻ വിളിച്ചു.

എന്നാൽ, നീ, കഷ്ടം, മുണർന്നതില്ല,
നിൻമുറിവാതിൽ തുറന്നതില്ല;
ഓമനപ്പാട്ടുകൾ പാടിടാ,നെ-
ന്നോടക്കുഴലിനന്നായതില്ല!......

ക്രൂരിരുളായി, നിലാവുപോയി
താരകളെല്ലാം മയങ്ങി മങ്ങി;
ഘോരനിരാശയാൽ മൂകനായ്; ഞാ-
നാരാവി,ലൊററയ്ക്കു പിൻമടങ്ങി!

Digitized By Kerala Sahitya Akademi

ആവിധം പിന്നെയും പിന്നെയുമെ-
ന്നാവർത്തനക്രിയാരംഗകങ്ങൾ,
കണ്ണിമയ്ക്കാതുററുനോക്കിനിന്നി-
ല്ലൊന്നുപോലെത്രയോ യാമിനികൾ!!
എന്നാലും, തന്നില്ലനുമതി നീ
നിന്നടുത്തൊന്നു ഞാൻ വന്നുചേരാൻ!

## II

ആനന്ദദേവതേ! നിൻപടിക്കൽ
ഞാനെത്രകണ്ണീർചൊരിഞ്ഞുകാണും?
സ്വച്ഛന്ദഗീതം തുളുമ്പിയോ,രെൻ-
കൊച്ചുമുരളി, തകർന്നുപോയി.
പൊന്നുടുപ്പെല്ലാമഴിച്ചുമാററി-
യെന്നാത്മരൂപം ഞാൻ നഗ്നമാക്കി.
ഗാനസാമ്രാജ്യത്തിൻവിസ്തൃതിയിൽ
ഞാനൊരു നിശ്ശബ്ദഭിക്ഷുവായി!

സാർവ്വഭൗമത്വം പരിത്യജിച്ചും
സാധാരണത്വം പരിഗ്രഹിച്ചും
മാമകപ്രേമതീർത്ഥാടനത്തിൻ-
നാമംജപങ്ങൾ കിളർന്നുപൊങ്ങി.
ആയവ,മൊട്ടിട്ടൊ,രാർദ്രമായോ-
രാമോദധാരയിലെന്നെ മുക്കി!
ആശാമധുരമാം ചിന്തകളെ-
ന്നാശയരംഗത്തിൽ നൃത്തമാടി.

Digitized By Kerala Sahitya Akademi

അന്നെൻപരിസരം ലാളനയാ-
ലെന്നെയെടുത്തു ശിരസ്സിലേററി;
എന്നാലതിൻകൈകൾതന്നെ,യിപ്പോ-
ളെന്നെ, ദ്ദൂരത്തേയ്ക്കാരേറെറിഞ്ഞു!

തല്ലിച്ചതഞ്ഞ മനസ്സുമായ്, ഞാൻ
മെല്ലെയെണീററു നടന്നുനോക്കി.
വാസരതേജസ്സെരിഞ്ഞുവാടി
വാനിൽ കരിങ്കാറിരുണ്ടുകൂടി.
താരകമില്ല; വെളിച്ചമില്ല;
ചാരുപ്രശാന്തതയെങ്ങുമില്ല.
ചക്രവാളങ്ങൾ തെറിച്ചിടുമാ-
റുത്ഭവിച്ചീടുന്നു മേഘനാദം.
എല്ലാമിരുട്ടാ, ണെനിക്കു കൈയി-
ലില്ലൊരു കൊച്ചുപട്ടുംതിരിയും!.

*    *

*    *    *

എൻനിഴലെൻമുന്നിൽ വീശിവന്നോ-
രന്നത്തെപ്പൂനിലാവെങ്ങുപോയി?
അന്നെൻനിഴലിൽ ഞാൻ നിന്നു,വെന്നാ-
ലിന്നാ നിഴലെന്നിൽ വന്നുനില്പൂ!

ഘോരമാംമാരിയിൽ, ഹാ! ജഗത്തിൻ-
ക്രൂരിരുൾച്ചേല നനഞ്ഞൊലിക്കെ,
ലോകപരിത്യക്തഭിക്ഷു ഞാ,നെ-
ന്നേകാന്തയാനം തുടന്നു വീണ്ടും!!...

Digitized By Kerala Sahitya Akademi

# III

ആനന്ദദേവതേ! നിൻപടിക്കൽ
ഞാനെന്നും തെല്ലിട തങ്ങിനിന്നു.
എന്നാൽ ഞാൻ നിന്നെ വിളിച്ചതില്ല
നിൻമണിവാതിലിൽ മുട്ടിയില്ല.
മൽജീവരക്തത്തുടിപ്പി,ലേതോ
ഗൽഗദംനിന്നു ഞെരിഞ്ഞിരുന്നു;
എന്നിൽനിന്നപ്പൊഴും ധാരയായി-
ക്കണ്ണീർക്കണങ്ങളുതിർന്നിരുന്നു!

എൻമുന്നിൽ പെട്ടെന്നു സാക്ഷനീങ്ങി;
നിൻമുറിവാതിൽ വിടർന്നുമാറി;
അത്ഭുതമാമൊരു സൗരഭമൊ-
ന്നപ്പൊഴതെന്നെപ്പുണർന്നുണർത്തി.
നിന്നംഗമോഹനഭൂഷകൾതൻ-
സംഗീതലോലമാംശിഞ്ജിതങ്ങൾ
എന്നിൽ പ്രകാശം പകർന്നിട്ടുമാ-
റെന്നെ നീ മാറിലണച്ചുപുൽകി.
കണ്ണീരിൽ മുങ്ങിയ സുസ്മിതത്തിൽ
കണ്ടു ഞാൻ സൗന്ദര്യസ്വപ്നസാരം.

അന്നൊരത്യുദ്ധതകാമുകൻ ഞാ-
നിന്നൊരാരാധക,നാത്മദാസൻ!
അന്നെൻപ്രതാപത്തിൻശൃംഖലയാ-
ലുന്നി ഞാൻ നിന്നെയെൻസ്വന്തമാക്കാൻ!

Digitized By Kerala Sahitya Akademi

എന്നാലാമായികശൃംഖലയ-
ന്നെന്നെയിരുളിലടച്ചു പൂട്ടി
ഇന്നെന്നാലെന്നാത്മരോദനത്തിൻ-
മന്ദഹസിതലഹരികളാൽ
സ്വന്തമായ്ത്തീന്നു നിനക്കു ഞാനെൻ-
ചിന്തകൾപോലും ലയിച്ചു നിന്നിൽ!

മൃത്യുവെന്നോണം മധുരമാകം
സത്യത്തിൻപൊന്നിൻകതിരുകളാൽ
മാമകകണ്ഠത്തിൽ മഞ്ജുളമാം
മാല നീയൊന്നു കൊരുത്തു ചാത്തി.

*                    *                    *

വല്ലകാലത്തും നാം വേർപിരിഞ്ഞാൽ
വല്ലപ്പൊഴും വീണ്ടും കണ്ടുമുട്ടാം.
വിണ്ണിൻവെളിച്ചം കുടിച്ചിട്ടുമെൻ-
കണ്ണുകൾരണ്ടുമടഞ്ഞുതീന്നാൽ
ലോകം പറയും:—"അക്കണ്ടതേതോ
ശോകത്തിൻപാഴ്നിഴലായിരുന്നു!"

എന്നാലെനിക്കെന്തു?—നിത്യതതൻ-
സൗന്ദര്യസാരം നുകന്നവൾ ഞാൻ!
ആനന്ദമേ! നിൻസമാഗമത്തിൽ
ഞാനെനിക്കാരെന്നു ബോധ്യമായി!!......

# കുമാരനാശാൻ

മായാത്തമയൂഖമേ! മംഗളമലയാള-
മാകന്ദവനിയിലെപ്പൂങ്കുയിലേ!
നിന്നെയൊന്നോർക്കുമ്പോഴേയ്ക്കുന്തൊരു നിരവദ്യ-
നിർവൃതിയാണെന്നോ ഞാനനുഭവിപ്പൂ!
സാനന്ദം തവ രാഗശോകമധുരസ്വര-
ഗാനകല്ലോലിനിയിലലിഞ്ഞൊഴുകി,
മാമകചേതന,യൊരായിരം നവനവ
രോമാഞ്ചവനികകൾ കടന്നുപോയി!
കണ്ടേതു മുഴുവനും ചിന്തകൾ തനിത്തങ്ക-
ച്ചെണ്ടിട്ട, മരതകനികുഞ്ജകങ്ങൾ!—
ലോലവിഷാദമയസ്നേഹസുരഭിലാർദ്ര-
ലീലാനിലയനങ്ങൾ നിരുപമങ്ങൾ!—
ശ്രീമയനളിനികൾ, പുഷ്പവാടികൾ, ദിവ്യ-
പ്രേമത്തിൻമുരളികാലഹരികകൾ!—
സ്വർഗ്ഗീയകരുണതൻപീയൂഷത്തെളി,പൊട്ടി-
നിർഗ്ഗളിച്ചീട്ടു,മോരോ നിർഝരികകൾ!—
എന്തെല്ലാം!— ഹൃദയാനുരഞ്ജകോജ്ജ്വലങ്ങളാ-
മെന്തെല്ലാം—അവിടെ ഞാൻ കണ്ടുമുട്ടി!!
സ്വപ്നങ്ങൾ—സുരഭിലസ്വപ്നങ്ങൾ—സുരസുഖ-
സ്വപ്നങ്ങൾ—വഴിനീളെക്കനകം പൂശി!

Digitized By Kerala Sahitya Akademi

ഉൽകൃഷ്ടവിചാരങ്ങളുജ്ജ്വലവികാരങ്ങ-
ളുൽക്കടവിഷാദങ്ങൾ വിമോഹനങ്ങൾ;
എത്രയാണവിടത്തിൽ പൂത്തുനിൽക്കുന്നതെന്നോ
തത്ത്വത്തിൻപരിമളം കുളിക്കെവീശി!!...

*          *          *

നിഷ്ഠുരമരണമേ! നീയെന്താ രത്നദീപം
നിഷ്ക്രമിപ്പിക്കാം,നതു കഠിനമായി!
എങ്കിലും, നിനക്കൊട്ടുമായതില്ലതുപെയ്ത
തങ്കപ്രകാശം മാത്രം തുടച്ചുമായ്ക്കാൻ!
എന്നെന്നും ഭുവനത്തിൻസുന്ദരഹൃദയത്തി-
ലന്നിഴലാട്ടം വാടാതമൻകൊള്ളും!—
നിത്യവു,മതിൻമൃദുസ്പന്ദനങ്ങളിലൂടാ-
നിസ്തുലദീപ്തിയെങ്ങും പരന്നുകൊള്ളും!—
കൈരളിയിന്നു,മെന്നും, ധ്യാനത്തി,ലാമഹിത-
കൈവല്യസ്വപ്നസ്മൃതി നുകൻകൊള്ളും!—
കുഞ്ഞുകുഞ്ഞലകളാൽ 'പല്ലനച്ചാലെ'ന്നുമ-
ക്കണ്ണീരിൻകഥ പറഞ്ഞൊഴുകിക്കൊള്ളും!!...



Digitized By Kerala Sahitya Akademi

# ജലദേവത

I

അഞ്ചിതാഭപൊഴിച്ചുമിന്നുമൊ-
രന്തിനക്ഷത്രമല്ല നീ.
ചാരുതാരകകോരകാവൃത-
ശാരദാംബരവാടിയിൽ
മന്ദഹാസംപൊഴിച്ചണയുന്ന
ചന്ദ്രലേഖയുമല്ല നീ
ലോകസൗഭാഗ്യമാകെയൊത്തുചേ-
ന്നേകരൂപമായ് തീന്നപോൽ,
ആത്തമോദമുടലെടുത്തുള്ളോ-
രാത്മവിസ്മൃതിയെന്നപോൽ,
മോഹനാംഗി! നീയാരു?—നിമ്മല-
സ്നേഹരൂപിണിയാരു നീ?

*　　　*　　　*

II

മഞ്ജുഹേമന്തചന്ദ്രികതന്നിൽ
മുങ്ങിനിന്നു, വസുമതി.
മിന്നിമിന്നിത്തിളങ്ങി താരകൾ
വിണ്ണിലെസ്സുഖചിന്തകൾ.

Digitized By Kerala Sahitya Akademi

തെന്നലേറ്റേററുലഞ്ഞു മമ്മരം
ചിന്നി പുഷ്പിതവല്ലികൾ.
മന്ദമന്ദം കലൻറ വായുവിൽ
സുന്ദരസുമസൗരഭം.
സന്നവീചികൾ ചിന്നിച്ചിന്നിയെൻ-
മുന്നിലാക്കളിർവാഹിനി,
ബിംബിതസ്വൎഗ്ഗമണ്ഡലാഭയായ്
നിൎഗ്ഗളിച്ചു നിരാമയം......
ആ നദീതടം—ആ നിശാരംഗം—
ആ മനോജ്ഞശിലാതലം—
കൈയ്യെ,മൊരുമാത്രയിലൊരു
സ്വപ്നമാത്രമായ് തോന്നി മേ.

## III

ആരിതാരി,തെൻമുന്നിലായൊരു
ചാരുകന്യകാവിഗ്രഹം!
ഓളമോരോന്നുവെമ്പിവെമ്പിവ-
ന്നോമനിച്ചുമ്മവയ്ക്കവേ
കിഞ്ചിൽച്ചാഞ്ചാട്ടം കൊച്ചുവഞ്ചിയിൽ
സഞ്ചരിക്കുമസ്സൗഭഗം!
തെല്ലിട—വെറും തെല്ലിട—കൊണ്ടാ-
മല്ലനേർമിഴിക്കോണിനാൽ
"ക്ഷീരസാഗരം"പോലെ, സായുജ്യ-

Digitized By Kerala Sahitya Akademi

ധാരയിലെന്നെ മുക്കുവാൻ
എങ്ങോനിന്നങ്ങുവന്നണഞ്ഞോരാ-
മംഗളപ്രേമവിഗ്രഹം—
ഉററുനോക്കി ഞാൻ നിന്നുപോയല്പ-
മത്ഭുതാനന്ദസ്തബ്ധനായ"!

## IV

ഏറെമാത്രകൾനീണ്ടുനിന്നതി-
ല്ലാരമണീയവിസ്മയം
അച്ചെറുതോണി ചെന്നുചെന്നൊരു
പച്ചിലച്ചാർത്തിൻപിന്നിലായ്
മന്ദഭാഗ്യനാമെന്നെയോർത്തിടാ-
തെന്നെന്നേയ്ക്കുമായ് മാഞ്ഞുപോയ്.
അല്പനേരം തുറന്നടഞ്ഞിത-
സ്വർഗ്ഗലോകകവാടകം!
രണ്ടുജീവിതസ്വപ്നമെന്തിനോ
കണ്ടുമുട്ടി പരസ്പരം
കാണിനേരം പകർന്നിതന്യോന്യം
പ്രാണസന്ദേശസൗരഭം
എത്തിയേതോ വിയോഗമപ്പൊഴേ-
യ്ക്കപ്പുളകങ്ങൾ മായ്ക്കുവാൻ!
എന്തപൂർണ്ണതയാണിതു?—കഷ്ടം!-
മെന്തിനീ മായികോത്സവം.

*   *   *

Digitized By Kerala Sahitya Akademi

## V

പിച്ഛിമാലയോടൊത്തകൈകളാ-
ലച്ഛെറു "തുഴ" വീശവേ,
വള്ളമാമന്ദംപോകുമാ വഴി
വെള്ളിവെള്ളമിളകവേ,
നീലക്കാർകൂന്തൽ കെട്ടഴിഞ്ഞു തൻ-
തോളിൽവീണലഞ്ഞീടവേ,
സുന്ദരാനനപങ്കജം, മുഗ്ദ്ധ-
ചന്ദ്രികയിൽ മിനുങ്ങവേ,
ആ മനോഹരിപോയൊരപ്പോക്കൊ-
രോമനസ്വപ്നംമാത്രമായ്!!
കൺമുനകളാൽ ഞങ്ങളന്യോന്യം
ചുംബനംചെയ്ത സാഹസം
സമ്മതംമൂളിക്കണ്ടുനിന്നു നീ
കർമ്മബന്ധമേ! സസ്പൃഹം.
ഇന്നിയുമതൊന്നാവത്തിപ്പാനീ
മന്നിൽ ഞങ്ങൾക്കു സാദ്ധ്യമോ?

*　　*　　*

## VI

രാക്കുയിലിൻകളകളസ്വരം
കേട്ടുഞെട്ടിയുണന്നു ഞാൻ
മുന്നിലായ്ക്കണ്ടുമൽപരിസരം
നിന്ദ്യനിശ്ശൂന്യരംഗമായ്!

Digitized By Kerala Sahitya Akademi

ജീവചൈതന്യമില്ല,വിടെല്ലാം
ഭാവഗംഭീരവിഭാസിതം!—
കേവലം വെറും മൗന,മാത്തിത-
ന്നാവരണവിധാരിതം!—
എന്നിനിക്കഷ്ടം! കാൺമനോ, ഞാനെൻ-
സുന്ദരജലദേവിയെ?
ഇല്ല; മാമകസ്മാരകമായി-
ട്ടില്ലവൾക്കൊന്നും കൈവശം
ജന്മജന്മാന്തരങ്ങൾ ഞങ്ങളി-
ക്കണ്ണുനീരിൽക്കഴിയണം!
ഭാവിയെക്കൊണ്ടുമാവുകയില്ലൊ-
ന്നീവിരഹംകെടുത്തുവാൻ!!......

*　　　*　　　*

ആകുലം, ജലദേവതേ! ഭവ-
ദാഗമവും കൊതിച്ചിദം
എത്രനാളിനിക്കാത്തുനിൽക്കണ-
മിത്തടിനീതടത്തിൽ ഞാൻ?
എന്നെ,പ്പക്ഷേ, മറന്നിരിക്കാമ-
ങ്ങന്നിമേഷത്തിൽത്തന്നെ നീ!
എന്നിരുന്നാലും നിന്നെയും ധ്യാനി-
ച്ചെന്നുമീയാററുവക്കിൽ, ഞാൻ
വന്നിരുന്നിട്ടും;—വല്ലകാലത്തും
നിന്നെ വീണ്ടും ഞാൻ കാൺകിലോ!!...

Digitized By Kerala Sahitya Akademi

# പിഴച്ചപൂജ

[കുറിപ്പ്:—ആളിക്കത്തുന്ന വികാരങ്ങളുടെ എടുത്തുചാട്ടമല്ല, അടിയുറച്ച വിചാരങ്ങളുടെ പതിഞ്ഞാട്ടമാണ്, പുരോഗതിയുടെ പൂങ്കാവനത്തിലേക്കു, മാനവസമുദായത്തിനു വഴിതെളിക്കുന്നതു്. അങ്ങോട്ടുള്ള നടപ്പാതയിൽ അങ്ങിങ്ങായിക്കണ്ടേക്കാവുന്ന ചിലന്തിവലകൾ ചീന്തിക്കളയേണ്ടതു് മുനകൂർത്ത തൂലികകളുടെ കർത്തവ്യമാണ്. പക്ഷേ, അതിനായിട്ടുള്ള ഭാവത്തിൽ ചാടിപ്പുറപ്പെടുന്ന ചില കണ്ണുപൊട്ടിയ വെളിപാടുകൾ അനർത്ഥഗർത്തങ്ങളിലേക്കു കാൽതെറ്റി വീഴുവാനാണെളുപ്പം. അതു് ഒരു നേട്ടമാണെന്നഭിമാനിക്കുന്നപക്ഷം, വേലചെയ്യുന്ന തലച്ചോറിന്റെ അണിയറയിൽനിന്നും പുറത്തുവരുന്ന കരുത്തുള്ള ചിന്തകൾ മൂക്കത്തു വിരൽവയ്ക്കുകയേയുള്ളൂ. 'മർക്കടസ്യ സുരാപാനം' എന്ന രീതിയിൽ സ്വയമേവ മത്തുപിടിച്ച ചില പ്രചാരവേലകൾ, തെറിഘോരിക്കപ്പെടുന്ന "ജീവൽസാഹിത്യ"ത്തിന്റെ ചാരായക്കടയിലേക്കു കയറുവാനായാണൊരുക്കമെങ്കിൽ, അതു മലയാളസാഹിതിയുടെ 'ശനിദശ'യെയാണു സൂചിപ്പിക്കുന്നതെന്നു പറയാതെ തരമില്ല.]

## 1

നിർവ്യാജസ്നേഹമേ! ജീവിതത്തിന്നൊരു
നിർവ്വാണദായികയല്ലയോ നീ?
ഭാവനാലോകം വിട്ടിത്തിരിനേരം,മി-
ബ്ഭൂവിൽനിനക്കൊന്നു വന്നുകൂടേ?

Digitized By Kerala Sahitya Akademi

വേണെങ്കി,ലോമലേ! ഹാ, നിനക്കായി മൽ-
പ്രാണനുംകൂടി ഞാനേകുമല്ലോ!
എത്രനാളായി, ഞാൻ നിന്നെയും കാത്തുകാ-
ത്തിത്തിമിരത്തിൽത്തനിച്ചിരിപ്പൂ!

2

വിണ്ടലവാസിനി, വിദ്രുമഹാസിനി!
കണ്ടിട്ടില്ലാരും ജഗത്തിൽനിന്നെ.
കണ്ടിട്ടുണ്ടെന്നു നടിക്കുന്നോരൊക്കെയും
കണ്ടതു, നിൻനിഴലായിരുന്നു.
ചൊല്ലാറുണ്ടദ്ധാതഭാവത്തിലൊട്ടുപേ-
രില്ലാത്തോളാണു നീയെന്നുപോലും!
എങ്കിലും സങ്കല്പരൂപിണിയാണു നീ-
യെങ്കിലും, നിന്നിൽ ഞാൻ വിശ്വസിപ്പൂ!!

3

അല്ല, ഞാൻ കാണുന്നോരി'ത്താളിയോല'ക-
ളെല്ലാം ചിതലിൻെറ കാവ്യമല്ല.
ഉണ്ടിവയുള്ളിൽ, മനോഹരചിന്തകൾ
ചെണ്ടിട്ടുനില്ക്കും മലർത്തൊടികൾ—
ആടലിൻചൂടിൽ, പരുക്കേററ ചിത്തങ്ങൾ
വാടിത്തളർന്നുവരുന്നനേരം,
ആതിഥ്യമേകുവാൻ നിൽക്കുന്നോ,രായിരം
ശീതളസാന്ത്വനകുഞ്ജകങ്ങൾ! —

4

നിന്ദ്യമായ്പ്പോയെന്നോ, കഷ്ടം, കവിയുടെ
സുന്ദര'വേദാന്തപദ്യമാല'—

Digitized By Kerala Sahitya Akademi

സ്വാന്തോത്സവപ്രദശാന്തപ്രഭാവൃത-
കാന്തശയ്യാദർശനൃത്തശാല?—
നീറിപ്പുകയുന്ന വിപ്ലവമേ! നിന-
ക്കാരാദ്ധ്യമായുള്ളതെന്തുപിന്നെ?
കാമുകഭ്രാന്തന്മാർമാത്രം പുലമ്പുന്ന
കാമത്തിൻനിർല്ലജ്ജജല്പനമോ?

5

കേവലമിക്ഷണം കേരളമൊക്കെയും
തേവിടിശ്ശിത്തെരുവാകണംപോൽ!—
ഭർത്തൃഭാര്യാപദങ്ങൾക്കു, നാമാരു,മൊ-
രർത്ഥവും നൽകാതിരിക്കണംപോൽ!—
ഇഷ്ടംപോലാരെന്തു ചെയ്താലുമൊക്കെയും
പുഷ്ടപ്രണയമായെണ്ണണംപോൽ!—
അല്ലാത്തതെല്ലാം "ചിതലിൻെറ കാവ്യങ്ങൾ"
എല്ലാമധോഗതിക്കാസ്പദങ്ങൾ!!

6

അത്രയ്ക്കുമാത്രമധഃപതിച്ചിട്ടില്ല
മർത്ത്യനു മർത്ത്യനോടുള്ളബന്ധം.
ലീനമായുണ്ടിപ്രകൃതിയിൽത്തന്നെ,യ-
ച്ഛേദിച്ചിടും സദാചാരബോധം.
അത്യന്തശോച്യമാംമട്ടിൽ നീ നിൽപ്പതി-
ന്നസ്ഥാനത്താ'ണനുരാഗപൂജേ!'
നീയൊരു'പൂജ'യ,ല്ലെന്നുതന്നല്ലൊരു
നീചമാംപ്രേരണക്കൂടിയത്രേ!

Digitized By Kerala Sahitya Akademi

7

നാമെല്ലാം കാണുന്നതല്ല, കാണേണ്ടൊര
പ്രേമത്തെ,വാസ്തവം കവിയെനോക്കി
വല്ലാത്തനീരസം ഭാവിച്ചിതുവിധം
പല്ലിറുമ്മുന്നതിലർത്ഥമില്ല.
ഉദ്ധാരണത്തിനുള്ളുത്തേജനത്തിനാ-
ണുദ്യുക്തനായവൻ നില്പതെങ്കിൽ—
മർത്ത്യനെ മർത്ത്യനായ്ത്തീർക്കുവാനുള്ളേക-
കർത്തവ്യമാണവനുള്ളതെങ്കിൽ—
ഒന്നിച്ചുനിങ്ങളെതിരിട്ടുകൊള്ളുവി-
നെന്നാലും നിന്നവൻ പാട്ടുപാടും!!

8

ജീവിതവേദന തെല്ലൊന്നകറ്റുവാൻ
ഭാവനത്തോണിയിലേറി നമ്മൾ,
മന്നിൻമലീമസപ്പാഴ്ക്കരിഞ്ചണ്ടിക-
ളൊന്നുമില്ലാത്തൊരസ്വർഗ്ഗംഗയിൽ,
നിർമ്മലപ്രേമം നുകർന്നുകൊണ്ടേങ്ങനെ
നമ്മവിഹാരം നടത്തിടുമ്പോൾ,
അപ്പുണ്യഭ്രൂവിലും, വീർപ്പുമുട്ടിക്കുവാ-
നപ്പിപ്പതെന്തി വിഷപ്പുകകൾ?

9

'നീതി'യെന്നുണ്ടു രണ്ടക്ഷരം, ശുഷ്കിച്ചൊ-
രേതാശയവും നവീനമാക്കാൻ!—
തെല്ലൊന്നതിനെപ്പഴിച്ചാൽമതിയവ-

Digitized By Kerala Sahitya Akademi

യെല്ലാം നവോൽക്കൃഷ്ടകാവ്യമായി!
വല്ലതുമശ്ലീലമായ്പറഞ്ഞാൽമതി
നല്ല'റിയലിസ'ഗ്രന്ഥമായി!
മററുള്ളതൊക്കെ"ച്ചിതലിൻെറ കാവ്യങ്ങൾ"
മർത്ത്യമൗഢ്യത്തിൻപ്രലപനങ്ങൾ!!
കഷ്ടം, പുതുമയെന്നോർത്തു, വഴിപിഴ-
ച്ചെത്തി നീ സാഹിത്യസേവനമേ!

10

സ്നേഹമനർഘ,മനശ്വര,മത്യന്ത-
മോഹനം, ജീവിതശാന്തിസൂനം!
കിട്ടാൻവിഷമം കറയററതെങ്കിലും
കിട്ടുകിൽ, മന്നിൽ മററില്ല ഭാഗ്യം!
ആയതുനേടുവാൻ യത്നിക്കുകെന്നതാ-
ണായുസ്സിൽ മർത്ത്യനുള്ളകധർമ്മം!
മന്നിലതു വാഴ്ത്തുമി"ത്താളിയോലക"-
ളൊന്നും, "ചിതലിൻെറ കാവ്യ"മല്ല!
കണ്ണുമടച്ചോ മധുരകാവ്യങ്ങളെ
നിന്ദിച്ചിടൊല്ല നീ, വിപ്ലവമേ!!......

Digitized By Kerala Sahitya Akademi

# മരീചിക

---

പ്രേമമമോ?—പ്രേമംപോലും!—വീണ്ടുമ,ച്ചെന്തീകൊണ്ടു
മാമകാത്മാവയ്യയ്യോ, പൊള്ളിക്കല്ലേ നീ, ദുഷ്ടേ!
തെല്ലൊരു സമാധാനം കിട്ടുവാ,നിമ്മട്ടു ഞാൻ
വല്ലകോണിലുമൊഴിഞ്ഞെന്നെന്നും കഴിഞ്ഞോളാം.
കഴിഞ്ഞതെല്ലാമേവം കഴിഞ്ഞു;—പോട്ടേ, മേലിൽ
കനിവെന്നിലുണ്ടെങ്കി,ലെന്നെ നീ മറക്കണേ!
ചത്തതാംഭൂതത്തിൻെറ പ്രേതത്തെയെട്ടു,ത്തയ്യോ!
നിർദ്ദയം വീണ്ടുംവീണ്ടുമെന്നെ നീ കാണിക്കല്ലേ!!
ലോകത്തിൽ നീയും ഞാനും മാത്രമല്ലല്ലോ, മന-
സ്സേകകേന്ദ്രത്തിൽത്തന്നെയെമ്മട്ടുനില്ക്കും പിന്നെ?
പലതും ചിന്തിപ്പിക്കാൻ, ചെയ്യിക്കാൻ, ചെയ്യിപ്പിക്കാൻ
പടിവാതിൽക്കൽ കാത്തുനിൽക്കുന്നു, നിമിഷങ്ങൾ.
പോക നീ മരീചികേ! പോക;-നിൻ നിർല്ലജ്ജമാം
രാഗജല്പനംകേൾക്കാനില്ലെനിക്കൊട്ടും നേരം
നിന്നെ ഞാൻ നിരുപമശ്രീനികേതനമായ
നിർമ്മലസരസ്സായിട്ടിത്രനാൾ നിനച്ചല്ലോ!—
മായികമരീചികേ! നിൻെറനേക്കോരുകൊച്ചു-
മാൻകിടാവിനെപ്പോൽ, ഞാനിത്രനാൾ കുതിച്ചല്ലോ!

Digitized By Kerala Sahitya Akademi

ന്നിപ്പോളാശ്വാസമായ്;— സത്യത്തിൻവെളിച്ചത്തി-
ലിന്നുനിൻതനിരൂപം കാണുവാൻ തരമായി!
ഇനി ഞാൻ ഭ്രമിക്കില്ല, കുതിക്കില്ലാശിക്കില്ല;
തനിയേതന്നെ,ഞാനിത്തണലത്തിരുന്നോളാം!

എൻകളിത്തോഴരെന്നെപ്പൃച്ഛിച്ചു, പണ്ടേതന്നെ
നിൻകളങ്കത്തെപ്പററിപ്പറയാറുണ്ടു,ന്നാലും
ഞാനതുഗ്ഗണിച്ചില്ല, വിശ്വസിച്ചില്ലാ, നിൻെറ
മാനസം മയക്കുന്ന മാന്ത്രികോക്തികൾമൂലം!

ഹൃദയം, കണ്ണുകൊണ്ടു കാണുവാൻകഴിയാത്ത-
തതിഭാഗ്യമാ;-ണതു മർത്ത്യനെന്തനുഗ്രഹം!!
അല്ലെങ്കിൽ ചരിത്രങ്ങളെങ്ങനെ നിലനിൽക്കു?-
മല്ലെങ്കിൽ, സാമ്രാജ്യങ്ങളെങ്ങനെ തലപൊക്കും?
തേൻപുരണ്ടൊരുഭാഷ, നാവിലുണ്ടെങ്കിൽപ്പോരും;
സ്വാന്തമെന്തായിക്കോട്ടേ നേടിയോനവൻ,മന്നിൽ!
ഏതൊരുതെററിൻേറയും നഗ്നത മൂടാമല്ലോ;
'നീതി'തൻ പഴന്തുണിയൊന്നുചുററിയാൽപോരേ?

നന്നാവില്ലൊരിക്കലും സ്ത്രീഹൃദന്തര,മതു
നന്നായാ,ലതുപോലെ മറെറാന്നും നന്നാവില്ല;
അതുപോൽ ദുഷിക്കാനും വിഷമം; ദുഷിച്ചാലോ?
മതി,ലോകത്തെയതു വിഷവായുവിൽമുക്കും.
പുരുഷൻ പരാക്രമിയായിടാം; ലോകംവെല്ലാം;
ശരി;-യെന്നാലുമത്ര ശക്തനാമവൻപോലും

Digitized By Kerala Sahitya Akademi

കേവലം മരപ്പാവമാത്രമായ് മാറിപ്പോവും
ഹാ, വിലാസിനിയാമപ്പൂവലംഗിതൻമുന്നിൽ.

തക്കംപോൽ പറയുവാനുള്ളൊരു സാമർത്ഥ്യത്തെ-
ത്തൽക്കാലം, നമുക്കെല്ലാം 'സ്ത്രീ'യെന്നു വിളിക്കുക;
അതിനോ,ടൊരുത്തൻെറ യുക്തിയോ, നയമോ, ചെ-
ന്നെതിരിട്ടൊന്നു ജയം നേടട്ടെ!—സാധിക്കില്ല!!
അവളെസ്സംബന്ധിക്കുമായിരം രഹസ്യങ്ങ-
ളവളിൽത്തന്നെമേവും ഗൂഢമായ്; കാണില്ലാരും!!...

*　　*　　*

നിഷ്ഠുരമരീചികേ! ദൂരെപ്പോ, ദൂരെപ്പോ, നീ
നിൽക്കുമസ്ഥലംക്രൂടിപ്പാപത്താലിരുണ്ടാലോ!
പൂവുപോൽവിടർന്നിന്നു ചിരിക്കും നിൻതാരുണ്യം
പൂവുപോൽത്തന്നെ,നാളെ വിളർത്തുവാടിപ്പോവും!
ശൃംഗാരത്തുട്ടുതുടുപ്പൊഴുകും മൃദുവാംനി-
ന്നംഗങ്ങളെല്ലാം ചുക്കിച്ചുളിയും;—മാറും കാലം!
അന്നു നീ പിന്നോട്ടൊന്നു തിരിഞ്ഞുനോക്കുംനേരം
കണ്ണിണ പശ്ചാത്താപബാഷ്പത്താൽ നിറഞ്ഞിടും.
തെല്ലുമൊരനുകമ്പയില്ലാതെ,യന്നാശ്ശവ-
ക്കല്ലറ നിന്നെത്തുറുകണ്ണേറാൽ വിറപ്പിക്കും.
പൊയ്പ്പോയനാളോരോന്നും നൽകിയ ഭാരംപേറാൻ
കെൽപ്പെഴാ,തയ്യോ! നീയന്നാർത്തയായ് ചുററുംനോക്കും!
അന്നോളം മധുരമായ് തോന്നിയതെല്ലാം കയ്പാ-
ണെന്നവാസ്തവം നീയന്നറിയും;—കരയും നീ!!

Digitized By Kerala Sahitya Akademi

ദീർഘദർശനമിതെൻശാപമായ്ക്കരുതേണ്ടാ
ദീപ്തദീപമേ! വാടാവിളക്കായ് നീ നിൽക്കട്ടെ!!
എങ്കിലും നിൻചാരത്തു ശലഭോപമം വന്നു
വെന്തുനീറുവാ,നത്രയ്ക്കന്ധമല്ലിന്നെൻമോഹം.
താരുണ്യത്തിളപ്പിന്റെ മുന്തിരി, ലക്കില്ലാതെ
ക്രൂരിരുട്ടിലേയ്ക്കെന്നെപ്പായിച്ചു;—പാഞ്ഞു ഞാനും!
ഹാ, നവോന്മേഷംമൂലം മറെറാന്നും മുരണ്ടില–
"ന്നാനന്ദ,മാനന്ദ"മെന്നല്ലാതെൻമനോഭൃംഗം.
ഇന്നു ഞാൻ വെളിച്ചത്തെ വേർതിരിച്ചറിയുന്നു–
ണ്ടന്നത്തെയിരുട്ടിൽനി,ന്നെന്തുകാരണത്താലോ.
മംഗളം മരീചികേ! ഞാനിതാ പിന്മാറുന്നു;
തുംഗസൗഭാഗ്യം നിന്റെ മെത്തമേലുതിരട്ടെ!

നിന്മനം തെല്ലെങ്കിലും നൊന്തിട്ടുണ്ടെങ്കി,ലതി–
നിന്നിതാ ക്ഷമാപണംചെയ്വൂ ഞാൻ,—ക്ഷമിക്കണേ!
സാമോദമെന്നെ, നിന്നോടടുപ്പിച്ചോ,രാവെറും–
വ്യാമോഹത്തിനെ പ്രേമമെന്നു നീ വിളിക്കല്ലേ!
കഴിഞ്ഞതെല്ലാമേവം കഴിഞ്ഞു;—പോട്ടേ; മേലിൽ
കനിവെന്നിലുണ്ടെങ്കിലെന്നെ നീ മറക്കണേ!!...

Digitized By Kerala Sahitya Akademi

# നദീതടത്തിൽ

അത്തടിനീതടത്തിൽ, നിത്യവു-
മെത്തിടാറുണ്ടക്കോമളൻ;
ചൈത്രസായാഹ്നസന്ധ്യയാരോരോ
ചിത്രവേല തുടങ്ങിയാൽ!

ചുററുപാടും പരന്ന പാടത്തു
കററക്കൂട്ടും ചെറുമികൾ
വേലനിർത്തിപ്പലപലവഴി
വേർപിരിയുമാവേളയിൽ-
ആ വിജനത വിശ്രമത്തിനു
പൂവിരിക്കുന്ന വേളയിൽ—
ചൂളമിട്ടു രസിച്ചുകൊണ്ടജ-
പാലബാലകർ കൂട്ടമായ്
ആട്ടുകളെത്തെളിച്ചു വീട്ടിലേ-
യ്ക്കോടിയാടിപ്പോംവേളയിൽ—
കാണാമെന്നു,മക്കാട്ടാറിൻതീര-
ത്താനവയുവകാമനെ-
കോമളാംഗനാചിത്തകൈരവ-
കോരകത്തിൻെറ സോമനെ-

Digitized By Kerala Sahitya Akademi

മന്ദഹാസാങ്കുരോജ്ജ്വലാനന-
നന്ദനീയാഭിരാമനെ.

മാറിപ്പോംപെട്ടെന്നാരംഗമൊരു
ചാരുവൃന്ദാവനാന്തമായ്
മൺകുടവുമായന്ധലത്തൊരു
പൊൻകിനാവപ്പോളെത്തിടും
കൊച്ചലപോൽ കുണുങ്ങിടുമൊരു
ലജ്ജ മൊട്ടിട്ടമാതിരി—
പട്ടുസാരിക്കകത്തൊരുമിന്ന-
ലൊട്ടിനില്ക്കുന്നമാതിരി—
മാരിവില്ലൊളിപ്പൂക്കൾകൊണ്ടൊരു
മാലകോർത്തുമാതിരി—

ചെററിടയാ നദീതടങ്ങളിൽ
മുററുമേകാഗ്രശാന്തിയിൽ
കേട്ടിടാം രണ്ടിലുംമനസ്സുകൾ
ക്രൂട്ടിമുട്ടുന്നമർമ്മരം!
സ്വപ്നതുല്യം പരക്കുമത്തിക്കി-
ലപ്പൊഴുതൊരു സൗരഭം!
മന്ദമന്ദമകന്നകന്നുപോം
സുന്ദരമൊരു ശിഞ്ജിതം!......

വിണ്ണിൽനിന്നൊരു വെള്ളിനക്ഷത്രം
കണ്ണിറുക്കിവിലക്കിലും



Digitized By Kerala Sahitya Akademi

മന്ദംമന്ദം പതുങ്ങിയെത്തുന്ന
ചന്ദ്രരശ്മികളോടിദം
ഓതിടാറുണ്ടതുപൊഴുതട്ട-
ത്തോടിയെത്തിസ്സമീരണൻ:—
"നീങ്ങളിങ്ങുവന്നെത്തിടുംമുൻപീ
നിമ്നഗാതടവീഥിയിൽ
കണ്ടു ഞാൻ, തമ്മിൽ ചേർന്നലിയുന്ന
രണ്ടു സംഗീതവീചികൾ!
പ്രേമസാന്ദ്രങ്ങളായ രണ്ടു കൊ-
ച്ചോമനപ്പൊൻകിനാവുകൾ!! ......"

---

# പ്രതിഷേധം

---

## I

അരുതൊരൊററടി മുന്നോട്ടുവയ്ക്കരു-
തവിടെ നിൽക്ക നീ മാദകാനന്ദമേ!
സമയമില്ലില്ലെനിക്കു, നിന്നോടൊരു
സരസസംഭാഷണത്തിന്നൊരുങ്ങുവാൻ.
അഹമഹമികമായിരമായിര-
മതിദയനീയശോകാർദ്രചിന്തകൾ

Digitized By Kerala Sahitya Akademi

വിവിധസന്ദേശമേകവാ,നാദരാ-
ലവിടെയെന്നെപ്പിരിയാതെ നില്ക്കയാം—
അവരെയാത്രയാക്കീട്ടുവാൻപോലു, മി-
ല്ലവസരമെനി,ക്കെന്തുചെയ്യട്ടെ ഞാൻ?......

2

മധുരമദ്യം പകർന്നുപകർന്നു നീ
മമ ഹൃദയം മയക്കുമെന്നാകിലും,
വ്രണിതജീവനെസ്സാന്ത്വനിപ്പിച്ചു, നീ
പ്രണയലോലം തലോടുമെന്നാകിലും,
മിളിതകൗതുകമെന്നെയെടുത്തു നീ
പുളകപാളിയിൽ മൂടുമെന്നാകിലും,
വെറുതെയെന്നെ നീ കാത്തുനില്ക്കേണ്ട;—നി-
ന്നരികിലേയ്ക്കിന്നു വന്നിടുന്നില്ല ഞാൻ!
അണികയില്ല ഞാനാനന്ദവീചിതൻ-
ക്ഷണികമന്ദസ്മിതങ്ങളേ! നിങ്ങളെ!!......

3

അഴകിൽനിന്നും പൊടിയുന്ന വെൺകളി
അഴൽചൊരിയുന്ന പുല്ലാങ്കുഴൽവിളി;
ഇവ, യഥേഷ്ടം പുണരുവാനുള്ളനാ-
ളിവുനമറെറന്തു രോമഹർഷോത്സവം!!
അനവരതംപൊഴിയുമവയി,ലെൻ-
പ്രണയചിന്തതൻമൗനപുഷ്പാഞ്ജലി.

Digitized By Kerala Sahitya Akademi

ഹൃദയവീണയും വായിച്ചു, ഭാവന-
ത്തെരുവുതോറുമലയുന്ന ഭിക്ഷു ഞാൻ
മരണഗോപുരദ്വാരമെത്തുംവരെ-
പ്പിരിയുകയില്ല നിന്നെ,യെൻശോകമേ!!......

4

ഇരുളിനിയും പരക്കട്ടെ മേൽക്കുമേൽ
കരിമുകിൽമാല മൂടട്ടെ, വാനിടം.
ഇടിമുഴങ്ങട്ടെ, മിന്നട്ടെ കൊള്ളിയാ-
നിടവിടാതടിക്കട്ടെ, ചണ്ഡാനിലൻ—
പരമശൂന്യമാമീവഴിത്താരതൻ-
പരിധികാണാതെ പിൻതിരിയില്ല ഞാൻ!
അരുതു്!...പോട്ടേ!...വിട്ടു!...ഹന്ത, മോഹമേ!
വെറുതെ,യെന്നെത്തടുത്തുവയ്ക്കായ്ക! നീ
അവനിയിലി,ല്ലസാദ്ധ്യത;—പിന്നെയെ-
ന്തവനവൻതന്നെ ധീരനും ഭീരുവും!......

---

Digitized By Kerala Sahitya Akademi

# പറന്നുപോയ വൈകുണ്ഠം

അന്നത്തെലോകമെന്താനന്ദദായക-
മന്നത്തെലോക,മതെന്തു നാകം!
പോയല്ലോ, പോയല്ലോ, ഹാ, കഷ്ട, മിന്നതിൻ-
മായികശക്തികളാകമാനം!
ഹന്ത,യെൻമുന്നിൽ കിടക്കുകയാണതു
തന്ത്രികളററൊരു വീണപോലെ!
ഇന്നിതിൻദർശനംകാരണമാക്കുന്നു
കണ്ണീർക്കടലിനു കോളിളക്കം.
അന്നത്തെ ഞാനല്ല മുന്നോട്ടുവന്നിന്നു
വെന്നിക്കൊടിയുമായ് നില്പ്പൊരീ ഞാൻ.
ചിന്തിച്ചിരിക്കാതെ പെട്ടെന്നീലോകത്തി-
നെന്തെല്ലാം മാററങ്ങൾ വന്നുപോയി!
എന്നാലു,മില്ലിതിനന്നത്തെക്കൗതുകം
അന്നത്തെ നാനാവശീകരത്വം;
എല്ലാംകഴിഞ്ഞു, മറഞ്ഞു സമസ്തവും
ഇല്ലിനി ബാക്കിയില്ലൊന്നുപോലും;
കഷ്ടം, തിരിച്ചുവരികയുമില്ലവ-

Digitized By Kerala Sahitya Akademi

പൊട്ടിക്കരഞ്ഞു വിളിക്കിലും, ഞാൻ!
എന്തിനു കാലമേ! നിർദ്ദയമെന്നെ,യി-
ച്ചെന്തീയിലേയ്ക്കു നീ തള്ളിവിട്ടു?
എന്നിലൊരല്പം ദയനിനക്കുണ്ടെങ്കി-
ലൊന്നെന്നെപ്പിന്നോട്ടു കൊണ്ടുപോകൂ!
അല്ല, നീയത്രയ്ക്കനുകമ്പയുള്ളത-
ല്ലല്ലെങ്കിലീവിധംചെയ്യുമോ, നീ?

ആകട്ടെ,യാകട്ടെ, ഞാനെന്നെന്നേയ്ക്കു,മി-
ശ്ശോകത്തിൽത്തന്നെയടിഞ്ഞിടട്ടെ!
ഓമൽസ്മരണകളെന്നെയശ്ശൈശവ-
ശ്രീമയസ്വർഗ്ഗത്തിൽ കൊണ്ടുപോയി,
നിസ്തുലനിർവാണചിത്രങ്ങളോരോന്നു
നിത്യവും കാണിച്ചുതന്നുകൊള്ളും!
സംതൃപ്തിയാണെനിക്കാമഹിതോജ്ജ്വല-
സങ്കല്പസാമ്രാജ്യലബ്ധിപോലും!

* * *

അങ്ങോട്ടുനോക്കൂ, ഹാ, ഞാനാണിരിപ്പതാ
മഞ്ഞണിത്തോപ്പിലെപ്പുൽപ്പരപ്പിൽ.
അഞ്ചുവയസ്സുതികച്ചും കഴിയാത്ത-
പിഞ്ചിളം പൂമ്പൈതൽ ഞാനാണെന്നോ!
തഞ്ചിത്തുളുമ്പുകയാണത്തളിരെതിർ-
ച്ചെഞ്ചുണ്ടിൽ നേരിയപ്പുഞ്ചിരികൾ-

Digitized By Kerala Sahitya Akademi

ചിന്തയാൽ തെല്ലും പുകപിടിച്ചീടാത്തൊ-
രന്തരാത്മാവിൻനിലാത്തിരികൾ—
നിസ്സീമനിർവൃതിയിങ്കൽനിന്നുരുന്ന
നിശ്ശബ്ദസംഗീതനിർഝരികൾ—
ഞാനുമപ്പൈതലുമൊന്നാണെന്നോക്കുമ്പോൾ
നാണിച്ചുപോകയാണിന്നിതാ ഞാൻ!
ഉജ്ജ്വലിക്കുന്നുണ്ടെന്നുള്ളിലി,ന്നായിരം
വിപ്ലവചിന്തതൻതീപ്പൊരികൾ;
വിശ്വംമുഴുവനും വ്യാപിക്കുമാറത്ര
വിസ്തൃതമാണിന്നെന്നന്തരംഗം;
എങ്കിലും, ഹാ! ഞാൻ നിരാശാനിഷേവിതൻ,
ശങ്കാപരവശൻ, തപ്തചിത്തൻ.

ഹാ, കഷ്ടം! പണ്ടൊക്കെയെന്നുള്ളംകൈയി,ലീ,
ലോകം മുഴുവനൊതുങ്ങിനിന്നു;
എന്നിൽ സമസ്തവും ഞാനഖിലത്തിലു-
മൊന്നുപോൽ ചേൎന്നു ലയിച്ചിരുന്നു;
ഇന്നെനിക്കുള്ളതെന്താശങ്കയാണെന്നോ
മന്നിൻമുഖത്തൊന്നു നോക്കാൻപോലും!
അപ്പോയനാളുകൾ വീണ്ടിനിക്കിട്ടുകി-
ലിപ്പാരി,ലെന്തും ഞാൻ സന്ത്യജിക്കാം!!...

* * *

അപ്രഭാപൂർണ്ണമാംരംഗത്തിൽക്കാൺമതെ-
ന്തത്ഭുതചിത്രപരമ്പരകൾ!

Digitized By Kerala Sahitya Akademi

കണ്ണീർക്കണങ്ങൾ തുടച്ചിനി നീയൊരു
കർമ്മധീരോത്തമനായിരിക്കൂ!
വന്നുചേരുന്നതഖിലം, ശുഭത്തിനാ-
ണെന്നു, നീ വിശ്വസിച്ചാശ്വസിക്കൂ.
മുന്നിൽപ്പരക്കെ നീ കാണുമിരുട്ടിലും
മിന്നാമിനുങ്ങൊന്നുമിന്നിയേക്കാം!!...

# കാമുകൻ വന്നാൽ—

'നിന്നാത്മനായകനിന്നു രാവിൽ
വന്നിട്ടും; വന്നാൽ നീയെന്തുചെയ്യും?'
"കോണിലെങ്ങാനുമൊഴിഞ്ഞൊതുങ്ങി-
ക്കാണാത്തഭാവത്തിൽ ഞാനിരിക്കും!"
'ചാരുസ്മിതംതൂകിസ്സാദരം, നിൻ-
ചാരത്തണഞ്ഞാൽ പിന്നെന്തുചെയ്യും?'
"ആനന്ദമെന്നുള്ളിൽ തിങ്ങിയാലും
ഞാനീർഷ്യഭാവിച്ചൊഴിഞ്ഞുമാറും!"
'ആ മദനോപമനക്ഷണ, "മെ-
ന്നോമനേ!"—യെന്നുവിളിച്ചു, മന്ദം
നിൻകൈകടന്നു പിടിച്ചടുത്താൽ
സങ്കോചംകൊണ്ടു നീയെന്തുകാട്ടും?'

Digitized By Kerala Sahitya Akademi

"ഉൽക്കടകോപം നടിച്ചുടൻ ഞാൻ
തൽക്കരം ദൂരത്തു തട്ടിമാററും!"
'ആ നയകോവിദൻ പിൻമടങ്ങാ-
താനിമേഷത്തിൽ നിൻപൂങ്കവിളിൽ
അൻപിലൊരാനന്ദസാന്ദ്രമാകം-
ചുംബനം തന്നാൽ നീയെന്തുചെയ്യും?'
"രോമഹർഷത്തി,ലെൻ ചിത്തഭൃംഗം
പ്രേമസംഗീതം മുഴക്കിയാലും
'നാണമില്ലല്ലോ, ശകല!'—മെന്നായ്
ഞാനോതു,മൽപ്പം പരിഭവത്തിൽ!"
'എന്നിട്ടുമെള്ളോളം ക്രുസലില്ലാ-
തന്നിലയിൽത്തന്നെ നിന്നു, വേഗം
ഇന്നവൻ കാമവികാരധീരൻ
നിന്നെത്തൻമാറോടു ചേർത്തണച്ചാൽ,
കോമളപ്പോർമുലപ്പൊൻകുടങ്ങൾ
കോരിത്തരിക്കെ, നീയെന്തുചെയ്യും?'
"പോ തോഴി! പോ; ഞാൻ പിന്നെന്തുചെയ്യാൻ?
പോരേ കളിപ്പിച്ചതെന്നെയൊട്ടും?
പിന്നെയിന്നെന്തു ഞാൻ ചെയ്യുമെന്നോ?—
പിന്നെ, നീയാണെങ്കി,ലെന്തുചെയ്യും?—"

---

Digitized By Kerala Sahitya Akademi

# രാഗോപഹാരം

മുഗ്ദ്ധഹേമന്തസന്ധ്യയി,ലൊരു
മുത്തുമാലയും ചാർത്തി നീ
വന്നു നിന്നിതെൻജീവിതമണി-
മന്ദിരാങ്കണവീഥിയിൽ.
കണ്ടുനിൻകരിങ്കാർകുഴൽക്കെട്ടിൽ
രണ്ടു താരകപ്പൂക്കൾ ഞാൻ......

*　　　　*　　　　*

തപ്തചിന്തകൾകൊണ്ടു, ക്രൂരരാം
മുററിയോരെൻെറ മാനസം
മന്ദമന്ദം തഴുകി നീ, നിൻെറ
മന്ദഹാസനിലാവിനാൽ!
പാട്ടുപാടുന്ന രണ്ടു കൊച്ചല
കൂട്ടിമുട്ടുന്നമാതിരി,
തമ്മിലൊന്നു പുണർന്നു, നമ്മുടെ
കൺമുനകളും, നമ്മളും!

*　　　　*　　　　*

അസ്സുഖോന്മാദവിസ്മൃതിയി,ലെ-
ന്നക്ഷികളൊന്നടയവേ;

Digitized By Kerala Sahitya Akademi

അത്തരം നോക്കി,യെന്നെ വേർപെട്ടി-
തപ്രതീക്ഷിതമായി, നീ!
നിഷ്ഫലം നിൻസമാഗമം വെറും-
സ്വപ്നമാത്രമായ് തോന്നി മേ.
ഒററവാക്കെന്നോടോതിടാ,തെന്നെ
വിട്ടുപോയി നീ,യെങ്കിലും,
ഏതുമേ നിൻവിയോഗചിന്തയാൽ
വേദനിച്ചതില്ലെൻമനം;—
കണ്ടു ഞാനെൻെറ കാൽച്ചുവട്ടി,ലാ
രണ്ടു താരകപ്പൂവുകൾ!......

*    *    *

ഉണ്ടെനിക്കു നിന്നോൎമ്മയ്ക്കാ,യിന്നീ
രണ്ടു പൂവുകളെങ്കിലും!
നിന്നുപഹാരമാമിവയെ, ഞാ-
നെന്നുമോമനിച്ചീടുവൻ!!.........
എൻമനസ്സിൻനിഗൂഢതയിൽ വെ-
ച്ചെന്നുമുമ്മവച്ചീടുവൻ!!......

Digitized By Kerala Sahitya Akademi

# നിഗൂഢനിർവൃതി

പ്രണയമന്യോന്യമറിയാതന്നത്തെ
പ്രഥമദർശനസമയത്തിൽ
കടമിഴിക്കോണാലൊരു ജിജ്ഞാസ, നാം
കലിതകൗതുകം വെളിവാക്കി;
അതിലൊരായിരം ഹൃദയസന്ദേശ-
മുതിരും ഗൂഢമാം പരമാർത്ഥം
ഉലകറിഞ്ഞിടാതിതുവരെക്കാത്തി-
ട്ടുദിതമോദം നാമിരുവരും!

ചപലസാഗരവിപുലതയിൽ, ര-
ണ്ടപഹൃതാത്മരാം കുമിളകൾ,
അലയിളകിവന്നൊളിവിലൊന്നിച്ചാ-
ലുലകിലാരതൊന്നറിയുവാൻ?

പരമസൗന്ദര്യകിരണമേറ്റേറ്റെൻ-
കരളിൻകണ്ണിണ വിരിയവേ
ഭവതിയിൽക്കൂടി, പ്രണയസാമ്രാജ്യ-
പരിധിദർശിച്ചേനമലേ, ഞാൻ!
അതിൽനിന്നൂറിയോരനഘനിർവ്വാണ-
മധുരപീയൂഷലഹരിയിൽ

Digitized By Kerala Sahitya Akademi

മുഴകി, ഞാനാത്മക്ഷതമെല്ലാംനീങ്ങി-
പ്പഴയപോൽ വീണ്ടും മുദിതനായ്!!

തവ സമുജ്ജ്വലപ്രണയമിന്നോള-
മിവനെസ്പൃശിച്ച പുളകങ്ങൾ
മരണംവന്നെന്നെ മരവിപ്പിച്ചാലും
മഹിയിലെന്നെന്നും നിലനില്ക്കും!!
പരമശ്രദ്ധമീ നിരഘനിർവ്വാണ-
ചരിതമാരുമിന്നറിയേണ്ട.
അറിയാറാവുകി,ലൊരുപക്ഷേ, മായാ-
മതിൽ ഞാൻ കാണുമപ്പുതുമകൾ!

ഉലകിൽകേൾക്കാകുംവിവിധഗാനങ്ങ-
ളഖിലവുമാത്മസുഖദങ്ങൾ;
ചെവിയിലിന്നോളമണയാത്ത,തെന്നാ-
ലവയെക്കാളേററം മധുരങ്ങൾ!!
അരുതു ഭാവനയ്ക്കുകമൊതുക്കുവാ-
നവയിലോലുന്ന പുതുമകൾ!
അതിനാലിപ്രേമ,മപാരാനർഘമി-
ന്നറിയരുതാരും ഭുവനത്തിൽ
പ്രകടമൂകമാം പ്രണയം, വാചാല-
പ്രതിഭയെക്കാളും സുഖകരം!!
ഒളിവിൽ നമ്മൾക്കു നുകരാമായതിൻ-
സുലഭസായുജ്യവിഭവങ്ങൾ!

*    *    *

Digitized By Kerala Sahitya Akademi

അരികിലാനന്ദപരവശേ! നീയും,
അകൃത്രിമപ്രേമലഹരിയും,
നവവസന്തവും, കസുമശയ്യയും,
നറുനിലാവും—ഹാ! മതിയല്ലോ!!

---

# പ്രകൃതിയിലേയ്ക്കു്

---

നൊന്തിട്ടുന്നെൻമനം—നിർദ്ദയ,മേവ,മെൻ-
ചിന്തേ, നീയെന്നെ ഞെരിക്കരുതേ!
എന്നും നിനക്കു വഴിപ്പെട്ടുന്നില്ലേ ഞാ-
നിന്നൊന്നു നീയെന്നെ വിട്ടയയ്ക്കൂ.
അക്കൊച്ചു പൂമ്പാററയൊന്നിച്ചപ്പൂങ്കാവിൽ
തൽക്കാലം ഞാനൊന്നു പോയ്വരട്ടേ!

മന്ദിരവാടിയിലെന്നെയും കാത്തതാ
വന്നു നിൽക്കുന്നു വസന്തലക്ഷ്മി.
മഞ്ഞക്കണിക്കൊന്നപ്പൂങ്കുലക്കൈക്കലേസ്സാൽ,
മന്ദസ്മിതാസ്യയായ്, മാടി മാടി

Digitized By Kerala Sahitya Akademi

എന്നെയങ്ങോട്ടു വിളിക്കുകയാണവരു-
ചെന്നിരുന്നിത്തിരി സല്ലപിക്കാൻ.
കിട്ടില്ലതിനുമനുമതിയെന്നോ?—ഹാ!
കഷ്ട,മിതെന്തൊരു പാരതന്ത്ര്യം!

വിസ്മയനീയമായെത്തുന്ന വാനോളം
വിശ്രമത്തിന്റെ മണിയൊലികൾ;
ദേവാലയാങ്കണം വിട്ടതാ പോകുന്നു
ഭാവപ്രസന്നന്മാർ, ഭാഗ്യവാന്മാർ;
ഈ 'രവിവാര'മാമോടക്കുഴലിൽനി-
ന്നൂറിവരുന്ന മധുരഗീതം
മുക്കിക്കുടിച്ചു മതിമറന്നങ്ങനെ
നിൽക്കുന്നു കൃഷ്കമന്ദിരങ്ങൾ;
കെത്തു മൺകുടം വച്ചുകൊ,ണ്ടപ്പുഴ-
വക്കത്തു വന്നെത്തും പെൺകൊടിമാർ
മന്ദാക്ഷമല്പം പുരണ്ട മനോഹര-
മന്ദസ്മിതങ്ങളാൽ സല്ക്കരിയ്ക്കേ,
കാട്ടുപുല്ലൂതി രസിക്കുന്നു, തൈമര-
ച്ചോട്ടിലിരുന്നുകൊ,ണ്ടാട്ടിടയൻ!

മസ്തിഷ്കം ചുട്ടുപിടിക്കുമാ,റിങ്ങിതാ
പുസ്തകക്കെട്ടുമായ് ഞാനിരിപ്പൂ;
ജീവിതത്തിന്നു നടന്നുപോവാനുള്ള
പൂവണിപ്പാത തിരഞ്ഞെടുക്കാൻ!



Digitized By Kerala Sahitya Akademi

എന്നിട്ടും, സംസ്കാരസമ്പന്നനാണു ഞാ-
നെന്നിട്ടും, സംതൃപ്തനല്ലപോലും!
എന്നെപ്പുലർത്തും പ്രകൃതിയെക്കൈവെടി-
ഞ്ഞെന്നേ ഞാൻ തീരെ സ്വതന്ത്രനായി!
പിന്നേയുമങ്ങോട്ടു ചെല്ലുകയാണെങ്കി-
ലെന്നോടവൾക്കിനിയെന്തുതോന്നും?

കണ്ടില്ല, ദേവി! ഞാൻ പുസ്തകമൊന്നിലും
ചെണ്ടിട്ടുനില്ക്കുന്ന ശാന്തിയൊന്നും.
മേടയ്ക്കകത്തെങ്ങും കേട്ടില്ല, ദേവി! ഞാൻ
പാടിപ്പറക്കും പ്രമോദമൊന്നും.
പങ്കയ്ക്കുകീഴിലെ നിദ്രയിൽ കിട്ടില
തങ്കക്കിനാവെനിക്കൊന്നുപോലും.
വഞ്ചിതനായി ഞാ,നില്ലെനിക്കില്ലൊരു
നെഞ്ചിടിപ്പേലാത്ത വിശ്രമവും!
ഹാ, നിന്നെത്തെല്ലിട വിസ്മരിച്ചെങ്കിലും
ഞാനിതാ വീണ്ടും വരുന്നു, ദേവി!
കണ്ണീർക്കണങ്ങളിൽ കൂടിയിതുവിധ-
മെന്നഴലോരോന്നും നീങ്ങിനീങ്ങി
നഗ്നഹൃദയനായ്, നിർമ്മലനിർവ്വാണ-
മഗ്നനായ് മാറി, നിന്നങ്കഭൂവിൽ
വിസ്മൃതനെങ്കിലും, ശൈഥില്യമേലാത്ത
വിശ്രമം കൊൾകിൽ, കൃതാർത്ഥനായ് ഞാൻ!!...

Digitized By Kerala Sahitya Akademi

# പിശാചിന്റെ പിടിയിൽ

അഭിനവകാവ്യങ്ങൾ കാരണം, നി-
ന്നഭിരുചിയെത്ര ദുഷിച്ചുപോയി?
വെളിവില്ലാതോരോരോ കോമരങ്ങൾ
വെളിപാടുകൊൾവതു നോക്കിനോക്കി;
അവരുടെ മൂഢപ്രലപനങ്ങ-
ളഖിലവും, കഷ്ടം, പ്രമാണമാക്കി;
അരുതിദം ചാപലം, സോദരി! നി-
ന്നപരാധഭാരമൊന്നോർത്തുനോക്കൂ!...

ഒരുവൻ, ഹാ! നിന്നെത്തർപ്രാണനെക്കാ-
ളുപരിയായ് സ്നേഹിച്ചുകൊണ്ടിരിക്കെ,
അവനുടെ ജീവിതസിദ്ധിയെല്ലാം
തവ സുഖത്തിന്നവൻ കാഴ്ചവയ്ക്കെ,
സതതം നിൻശ്രേയസ്സിനായിമാത്രം
സഹചാരിയാമവനദ്ധ്വമിക്കെ,
അനുരാഗഭിക്ഷയിരന്നുകൊണ്ടി-
ന്നപരന്റെ മുൻപിൽ നീ നിൽക്കുകെന്നോ?
കുലവധൂരത്നമേ! ഹാ! നിനക്കി-
ക്കുലടാതപം കാണിക്കാൻ ലജ്ജയില്ലേ?

Digitized By Kerala Sahitya Akademi

കമനീ, നിൻകാന്താത്മരാഗസാരം
കവിതാവതാരമെടുത്തപോലെ,
ലളിതാർദ്രദാമ്പത്യപാരിജാത-
ലതികതന്നാദ്യത്തെ മൊട്ടുപോലെ,
നവനവോല്ലാസത്തിൻവിത്തുപോലെ,
ഭുവനൈകശാന്തിതൻ സത്തുപോലെ.
തവ ജീവനായകൻ, രാഗലോല-
നവനിയിൽ വീണ്ടും ജനിച്ചപോലെ,
അരുമയായ്, നിൻ കരവല്ലരിയി-
ലൊരു പിഞ്ചു പൂമ്പൈതലുല്ലസിക്കേ,
അതിനെയുംക്രൂടി, നീ, വിസ്മരിച്ചീ-
യപഥത്തി,ലെങ്ങിനെ വന്നു ചാടി?
ഇതുവഴി മുന്നോട്ടുതന്നെ പോയാ-
ലിനിയും നീയെത്ര ദുഷിച്ചുപോകും!
അരുതതൊന്നോക്കുവാൻ!—വന്നപോ,ലെ-
ന്നനുജേ! നീ വേഗം തിരിച്ചുപോകൂ!

തരുണിമയാലിത്തനുലതയിൽ
തളിരിട്ടുനില്ക്കു,മിത്തങ്കവണ്ണം
അപരകരാംഗുലിസ്പർശനത്താ-
ലണുപോലും മാറുകില്ലായിരിക്കാം;
ശരി;— പക്ഷേ, നിന്നാത്മനാളികയ്ക്കി-
ന്നതിനാൽ, പുഴക്കുത്തു വന്നുക്രൂടും!
അറിയില്ലതൊന്നും നീ,യെങ്കിലു,മ-
ക്കരിമഷിപ്പാടിൻെറ സംക്രമത്താൽ,

Digitized By Kerala Sahitya Akademi

നറുനിലാവായ നി, മാറിമാറി-
യിരുളായൊട്ടവിലധഃപതിക്കും!
ചിറകററു വീണ കപോതികപോ-
ലവിടെക്കിടന്നു പിടച്ചിട്ടും നീ!
എരിപൊരിക്കൊള്ളു,മരികിലെങ്ങു-
മൊരു തണൽ കാണാതെ താന്തയായ് നീ;
അതിനിടയാക്കുന്നതെന്തിനാണി-
ന്നതിരററ നിന്നന്ധവിഭ്രമത്താൽ?

ഉടലലർത്തൈവല്ലി പൂത്തതാ,മി-
ത്തുടുതുടുപ്പൊക്കെക്കൊഴിഞ്ഞു വീഴും;
നയനാഞ്ചലത്തിലെ മിന്നലെല്ലാം
നടമാടി വാടിത്തളർന്നുപോകും;
നവനീതരമ്യമദാലസാംഗ-
സുവിലാസമൊക്കെയും മഞ്ജിമായും;
യുവതതൻകാഞ്ചനമെത്രവേഗം
തവിടായി മാറുന്ന ചാരമാവാൻ!
അയി മമ സോദരി! വിശ്വസിക്കാ-
യ്കുണരവും നീ കാണുമിബ്ബാഹ്യഭാവം!

പതിയെന്ന വാക്കിനൊരർത്ഥമില്ലെ-
ന്നതുലേ! നീ തെററിദ്ധരിക്കരുതേ.
വെറുമൊരു കാമോത്സവത്തിനല്ല
ധരയിൽ പിറന്നതു മർത്ത്യരായ് നാം.

Digitized By Kerala Sahitya Akademi

അതിലും മഹത്താകമെത്രകൃത്യ-
മതിമാത്രമുണ്ട്, നാം നിർവ്വഹിക്കാൻ?
വയറിൻവിശപ്പൊന്നടക്കലല്ല;
വഷളത്തം കാട്ടി രസിക്കലല്ല;
മലിനമാമെന്തും പുകഴ്ത്തലല്ല;
മനുജൻെറ ജീവിതാദർശലക്ഷ്യം!
ഇവിടെ,യിക്കാണും പ്രപഞ്ചമല്ലാ-
തവനുണ്ടാത്മീയമാം ലോകമേകം!
അവിടേയ്ക്കുയരുവാൻ; താഴെ നിൽക്കു-
മവശരെയങ്ങോട്ടെടുത്തുയർത്താൻ
കഴിയുംവിധമെല്ലാമുദ്യമിക്കാൻ
കടമപ്പെട്ടുള്ളവനാണു മർത്ത്യൻ.
സഹജമായുണ്ടവനുള്ളിലോരോ
സരളസദാചാരസദ്വിചാരം.
കലിതാനുമോദ,മവനവയെ-
ക്കലകളിൽക്കൂടിയെടുത്തു വാഴ്ത്തും;
ചിരകാലരഞ്ജിതചിന്തനങ്ങൾ
"ചിതലിൻെറ കാവ്യ"ങ്ങളല്ലവകൾ!
കവിമാനികളാംകഴുതകൾതൻ-
കപടവേദാന്തങ്ങളല്ലവകൾ!
എരിയുന്ന നീചമൃഗീയകാമ-
സ്ഫുരിതസ്ഫുലിംഗങ്ങളല്ലവകൾ!

മലിനമദനാർത്തികൊണ്ടു വന്ന
മതിയിലെച്ചാപല്യമൊക്കെ നീങ്ങി

Digitized By Kerala Sahitya Akademi

പരിശുദ്ധയായ്, വീണ്ടും ചെന്നു, നീയാ-
പ്പതിദേവതയെ നമസ്കരിക്കൂ.
അറിയാതാണെങ്കിലു,മുദ്യമിച്ചോം-
രപരാധത്തിന്നു, നീ മാപ്പിരക്കൂ!
ഇതുവിധം വ്യാമോഹബദ്ധയാവാ-
നിനിയുമിടകൊടുക്കാതിരിക്കൂ!
അനുശയാശ്രുക്കളിൽ മുങ്ങി,യേവ-
മനുജേ! നീ പോവൂ മടങ്ങിവേഗം!!
നവനവോൽക്കർഷങ്ങൾ, നിൻവഴിയിൽ
നളിനദളങ്ങൾ വിരിച്ചിടട്ടേ!!......

---

# ശ്മശാനത്തിൽ-

---

കരയുവാൻവേണ്ടിയല്ലിന്നുവന്നു,തെൻ-
ശവകുടീരമേ! നിന്നരികത്തു ഞാൻ.
അയി നിരഘ!നിന്നാനനദർശന-
മസുഖദായകമല്ലെനിക്കല്പവും!
മഹിതശാന്തിതൻകേന്ദ്രമല്ലല്ലി നീ
മധുരസംഗീതസങ്കേതമല്ലി നീ?

Digitized By Kerala Sahitya Akademi

തവ പരിസരസാഹചര്യം തരും
തകരുമെൻജീവ,നാശ്വാസചുംബനം!
ഉപഹൃതോല്ലാസ!ൻനീയുമൊന്നിച്ചിരു-
ന്നലകിലേയ്ക്കൊന്നു കണ്ണയയ്ക്കട്ടെ, ഞാൻ!

*　　*　　*

ക്ഷണികജീവിതം സഞ്ജനിപ്പിച്ചിടും
മണിമുഴക്കമതാ കേൾപ്പൂ, മോഹനം!
ഒരു ചലന,മൊരാലോലശിഞ്ജിതം
പര,മൊരു വെറും മൗനം!—നിരാശകം!!
സുലളിതോജ്ജ്വലമാ,മൊരു മായികാ-
ചലനചിത്രപ്രദർശനദർശനം—
അതിനെയെന്തിനനഘമെന്നോതണം?
അതിനെ ഞാനെന്തിനാദരിച്ചീടണം?

നവവികാരങ്ങൾ കൂട്ടുചേർത്തിട്ടു,മാ
യുവത, കഷ്ടം, വിളറിത്തണുത്തുപോം;
കനകനാണയശിഞ്ജിതസഞ്ചയം,
കവന,വിജ്ഞാനഗാനസമുച്ചയം
സകലം—എല്ലാം— സമസ്തവും, ദൈവമേ!
സഹിയുവാനരു,തയ്യോ!—മറഞ്ഞിടും!!
മഴ, വെയിൽ, മഞ്ഞു, വന്നിട്ടും പോയിട്ടും
മലർവിരിയും, കൊഴിയും നിരന്തരം!
ഇതിനഖിലം നീ സാക്ഷിയാ,ണെങ്കിലും
ഇതിലൊരുത്തരവാദിയല്ലൊന്നിലും.

Digitized By Kerala Sahitya Akademi

നിരഘനിഷ്പക്ഷമെന്തിലും നിൻനില-
യ്ക്കൊരുലവാന്തരമേശില്ലൊരിക്കലും.

അലയിളക്കുന്നൊരേതഭിമാനവും,
അലറിയോട്ടുന്നൊരേതഹങ്കാരവും,
തവ മുഖമൊന്നു കാണുകി,ലക്ഷണ-
മവനമിക്കുകയാ,ണിതെന്തത്ഭുതം!
ഇതി,നിടുങ്ങിയനിന്നക,ത്തിത്രമേൽ
പതിയിരിപ്പതേതത്ഭുതവിക്രമം?
ഭുവനജന്യമാം സാവ്ഭൗമത്വ,മെൻ-
ശവകുടീരമേ! നിൻെറ പര്യായമോ?
തവ ഭരണവിധേയമാ,യൂഴിയി-
ലുയരുവതേതു മാത്സരവിസ്മയം?
തണുതണുത്തനിന്നങ്കതലത്തിലെ-
ത്തണലുതന്നെയോ നിത്യനിദ്രാസ്പദം?

പുരുകദനവിമോചനാലംബമേ!
പുളകവല്ലിതൻപൊന്നാലവാലമേ!
പരമപാവനലോകൈകശാന്തിത-
ന്നടിയൊഴുക്കു നിന്നുള്ളിൽനിന്നല്ലയോ?

അവിടമല്ലല്ലി, കർമ്മബന്ധങ്ങൾതൻ-
ചുമടിറക്കുന്ന വിശ്രമത്താവളം?
അവിടമല്ലല്ലി, ജീവിതം പൂർണ്ണത-
യ്ക്കുടിപെടുന്നതാമാനന്ദമണ്ഡപം?

Digitized By Kerala Sahitya Akademi

അവിടമല്ലല്ലി,യാത്മസൗഗന്ധിക-
മവിരളാഭം വിരിയും നികുഞ്ജകം?
അതിനുടമവഹിക്കും നിന,ക്കിതാ
ഹൃദയപൂർവ്വമെൻക്രൂപ്പുകൈമൊട്ടുകൾ!!...

# പ്രാണേശ്വരി

അന്തിനക്ഷത്രം കൊളുത്തുന്ന വാനിൽ, നി-
ന്നന്തഃപുരത്തിൻമണിദീപമോമനേ!
ഭാസുരമാകു,മീ വാസന്തസന്ധ്യയിൽ
വാസരത്തിൻെറ സമാപനസന്ധിയിൽ
ഉള്ളുകടസ്നേഹപരവശേ, നീയെനി-
ക്കുൾപ്പുളകം ചേർത്തണഞ്ഞാലു,മന്തികേ.
ഏറുമുല്ലൂണ്ടെയാൽ നിന്നെയും കാത്തുകാ-
ത്തേകാകിയാ,യിങ്ങിരിക്കുകയാണു, ഞാൻ!
ഇന്നോളമെൻെറ സമസ്തദുഃഖങ്ങളും
നിന്നെയോർത്തോർത്തായിരുന്നു, നിരുപമേ!

ക്രൂരയാം ലോക,മെൻമുന്നിൽ പരത്തിയ
ഘോരനൈരാശ്യപ്പുകച്ചാർത്തിലൂടെ ഞാൻ

Digitized By Kerala Sahitya Akademi

തപ്പിത്തടഞ്ഞു, തളൎന്നു, നിൻസാമീപ്യ-
ത്തിൽപരതപ്തനാ,ലണഞ്ഞേനൊരുവിധം!
കല്പനാതീതേ! മുഖപടം മാററുവാ-
നല്പവു,മയ്യോ, വിളംബിച്ചിടൊല്ലിനി!!...

*　　　*　　　*

ഞാന,മെൻമുന്നിൽ പലപ്പൊഴും വൎഷിച്ചു
വേണുഗാനത്തിൻലഹരികളൊക്കെയും,
കൎമ്മശതങ്ങളാൽ കാഴ്ചവയ്ക്കപ്പെട്ട
നിൎമ്മലാനന്ദസമൃദ്ധികൾ സൎവ്വവും,
അവ്യക്തമായിട്ടറിയിച്ചുതന്നു മേ
ഭവ്യദേ! മങ്ങാത്ത നിന്റെ മഹിമകൾ.
ഉന്മാദദായികേ! നിൻ മൃദുലാലിംഗ-
നോന്മുഖം നിത്യം തിരിഞ്ഞു, ഹാ, മന്മുഖം!
എന്നിട്ടു,മെന്നെ വന്നിക്കിളിക്കൂട്ടിയി-
ട്ടെൻമുന്നിലായ്നി,ന്നൊളിച്ചുകളിച്ചു നീ!
നിൻകുളിർനിശ്വാസസൌരഭമേല്ക്കിലും
സങ്കല്പമാത്രയായ് നിന്നു നീയെന്തിനോ!
രാഗപ്രസന്നേ, മദീയമനോഹര-
ജാഗരങ്ങൾക്കു മദകരമദ്യവും,
ലീല, സുഷുപ്തികൾക്കാകൎഷകാനന്ദ-
ലോലമാ,മുജ്ജ്വലസ്വപ്നാനുഭൂതിയും,
എന്നു,മേതോ തിരശ്ശീലയ്ക്കു പിന്നിലായ്
നിന്നുകൊണ്ടെങ്കിലും, നല്കിയിരുന്നു നീ!!...

*　　　*　　　*

Digitized By Kerala Sahitya Akademi

സന്തതം, നിന്നെ,യെന്നേകാന്തതകളിൽ
നൊന്തുനൊ,ന്തെത്ര കരഞ്ഞുവിളിച്ചു, ഞാൻ!
കണ്ണീർക്കയത്തിൽക്കുളിച്ചു ഞാ നെങ്കിലും
കണ്മണി, വന്നില്ല, വന്നില്ലടുത്തു നീ!
ഹാ, നൽകുമായിരുന്നല്ലോ നിനക്കെന്റെ
ഗാനസാമ്രാജ്യം മുഴുവനു,മന്നു, ഞാൻ!!

നിന്നെയെങ്ങാനുമൊന്നോക്കുമ്പൊഴേയ്ക്കു,മി-
ന്നെൻമന,മയ്യോ, ദഹിക്കുന്നു നിർമ്മലേ!
എങ്കിലും, സദ്രസം നീ,യിപ്പൊഴെങ്കിലും
നിൻകരത്താലോലമൊ,ന്നെനിക്കേകുകിൽ
എല്ലാം മറക്കാം—നമുക്കിനിയൊന്നിച്ചു
പുല്ലാങ്കുഴലും വിളിച്ചു രസിച്ചിടാം!
ചുംബനംവന്നു തുളുമ്പുകയാ,ണെന്റെ
ചുണ്ടിൽ, പുളകത്തിൽ നിന്നെ മൂടീടുവാൻ!
മൽപ്രണയത്തിൻനിലാവി,ലിപ്പൂന്തോപ്പി-
ലപ്രതിമോജ്ജ്വലേ! വന്നാലു,മോമലേ!!

# വെളിച്ചത്തിന്റെ മുമ്പിൽ

അന്തമില്ലാതെനിക്കു ചുറ്റുമാ-
യന്ധകാരം പരക്കവേ,
വിണ്ണിൽനിന്നു,മെൻ മൺകുടിലിൽ, നീ
വന്നുചേർന്നു വെളിച്ചമേ!

2

താവകാഗമരോമഹർഷങ്ങൾ
താവിത്താവിയെൻ ജീവിതം;
സാവധാനം ലയിക്കയാ,യൊരു
പാവനോന്മാദമൂർച്ഛയിൽ.
സ്വർഗ്ഗദീപ്തിയിലുജ്ജ്വലിച്ചിതാ
സ്വപ്നരംഗം മുഴുവനും!

3

നിന്നരികിൽ വികാരമൂകയായ്
നിന്നിടുമെൻനിറുകയിൽ
വെമ്പിവെമ്പിപ്പൊഴിച്ചു നീ,യോരോ
ചുംബനമലർമൊട്ടുകൾ!
മാനസത്തിൻ നിഗൂഢമാം ചില
കോണിലുംകൂടി,യക്ഷണം
സഞ്ചരിച്ചി,തജ്ഞാതമാമോരോ
സംഗീതത്തിൻലഹരികൾ!

Digitized By Kerala Sahitya Akademi

4

നിത്യതതന്നപാരതയിലേ-
യ്യേത്തി നിൻകൈ പിടിച്ചു ഞാൻ
വിസ്മൃതിയുടെ മഞ്ഞുമൂടലിൽ
വിട്ടു ഞാനെൻ സമസ്തവും!
മാമകാശകൾ നൃത്തമാടിയ
മായികോത്സവവേദികൾ
സർവ്വും കൈവെടിഞ്ഞു, വിസ്തൃത-
നിർവൃതിയുടെ വീഥിയിൽ
എത്തിയപ്പൊഴേയ്യേൻ യഥാർത്ഥമാം-
സത്തയെന്തെന്നറിഞ്ഞു ഞാൻ!

5

നശ്വരാഡംബരങ്ങൾ നീങ്ങി,യെൻ-
നഗ്നസത്യം തെളിയവേ,
നിന്നെയെന്നില്ല,മെന്നെ നിന്നില്ല-
മൊന്നുപോൽ ചേർന്നു കണ്ടു ഞാൻ!
നിന്നിൽനിന്നുമകന്നു, പിന്നെയും
നിന്നിൽ വീണു ലയി,ച്ചിടം
നിൽപ്പൊരുജ്ജ്വലബിന്ദുവല്ലി ഞാൻ
നിത്യതേജഃസമുദ്രമേ!!

6

മണ്ണിൽനിന്നറിയാതെ ചേർന്നതാ-
മെന്നിലെപ്പങ്കമൊക്കെയും,

Digitized By Kerala Sahitya Akademi

മണ്ണിൽത്തന്നെ വെടിഞ്ഞു, ശ്രദ്ധമാം
നിന്നിൽ വീണ്ടും ലയിപ്പൂ ഞാൻ.
ഈ വിയോഗസമാഗമങ്ങളിൽ
ജീവിതവും മരണവും
കാഴ്ചവയ്ക്കുന്നു, രണ്ടുഗാനമെൻ-
കാൽത്തളിരിലെന്നെന്നുമേ.
ഒന്നു ശോകാകുലാർദ്ര,മവ്യക്ത-
മൊന്നതിസ്പഷ്ടമാദകം!—
ഒന്നമായികം, നശ്വരം, ഹാ, മ-
റ്റൊന്നു സത്യ,മനശ്വരം!
വിശ്വരംഗത്തിൽ നിന്നെമാത്രം, ഞാൻ
വിശ്വസിപ്പൂ, മരണമേ!!

## 7

കാലദേശങ്ങൾക്കപ്പുറം നിൻെറ
ലോലസംഗീതനിർഝരം
പുഞ്ചിരിപ്പൊൻതിരകൾ മേളിച്ചു
സഞ്ചരിപ്പൂ നിരന്തരം!
ജീവഹർഷനിദാനമേ! ലോക-
ഭാവനകൾക്കതീതമേ!
അന്തമില്ലാതെനിക്കു ചുററുമാ-
യന്ധകാരം പരക്കവേ,
വിണ്ണിൽനിന്നു,മെൻമൺകുടിലിൽ, നീ
വന്നുചേർന്നു, വെളിച്ചമേ!!.........

Digitized By Kerala Sahitya Akademi

# രാജകുമാരി

രാജകുമാരി

ആരുനീ,യാരുനീ, ഹേമന്തകാലത്തെ
നേരിയനീലനിലാവുപോലെ?

ഭിക്ഷു

നാകത്തിലെത്തും നടപ്പാത കാണുവാൻ
നാടൊക്കെ ചുററിനടപ്പവൻ ഞാൻ!

രാജകുമാരി

എങ്ങുനിന്നെങ്ങുനിന്നെത്തി; മനോഹര-
മംഗളമായാമയൂഖമേ! നീ?

ഭിക്ഷു

നേരിൻെറ വാടാമലരണിത്തോപ്പിൽനി-
ന്നാരുമറിയാതെ പോന്നവൻ ഞാൻ.

രാജകുമാരി

ചിന്താവിധുരനായേകനായീവിധ-
മെന്തിനു നീയെന്നരികിലെത്തി?

ഭിക്ഷു

ഉച്ചക്കൊടുംവെയിൽ വാട്ടിയോരിക്കൊച്ചു-
പച്ചിലക്കൈക്കുമ്പിൾ പൂർണ്ണമാവാൻ!

രാജകുമാരി

ഭഗ്നാശനാകായ്ക, നല്കാം നിനക്കെൻെറ
രത്നാഭരണം മുഴുവനും ഞാൻ!

Digitized By Kerala Sahitya Akademi

ഭിക്ഷു

കാരുണ്യശാലിനി, മോഹിപ്പതില്ല ഞാ-
നാരത്നഭൂഷകളൊന്നുപോലും!

രാജകുമാരി

എന്തിവിലപ്പെട്ടരത്നാഭരണങ്ങൾ
ഹന്ത! നിനക്കൊന്നും വേണ്ടയെന്നോ?
പററിയിട്ടില്ലാക്കമീഞാനണിഞ്ഞിട്ടു-
ള്ളൊററരത്നത്തിൻവിലമതിക്കാൻ.
മിന്നിത്തെളിഞ്ഞതിൻരശ്മികളായിര-
മൊന്നിച്ചിടഞ്ഞുചെന്നാഞ്ഞലയ്ക്കേ
മഞ്ഞളിക്കുന്നു പരശതം ഭൂവര-
നന്ദനന്മാരുടെ കണ്ണുപോലും!
അത്രയ്ക്കനർഘമായീടുമീരത്നങ്ങൾ
കഷ്ടം പരിത്യജിക്കുന്നുവോ നീ?

ഭിക്ഷു

വല്ലാത്തഭാരമെട്ടത്തെന്നിലേററുമ-
ക്കല്ലെനിക്കൊന്നുമേ വേണ്ട ദേവി!

രാജകുമാരി

വിത്താഢ്യനാകുംപ്രഭുവാക്കിമാററി ഞാൻ
വിശ്രുതവിഖ്യാതി നിനക്കു നൽകാം!

ഭിക്ഷു

വിദ്വേഷധൂമം വമിച്ചെരിഞ്ഞിട്ടമാ-
വിഖ്യാതി ലേശവും വേണ്ട ദേവി!



Digitized By Kerala Sahitya Akademi

രാജകുമാരി

രാജാധിരാജനാം താതന്റെ പാശ്ചാത്തിൽ
രാജിക്കും മന്ത്രിയായ് നിന്നെ വാഴ്ത്താം!

ഭിക്ഷു

അത്യുന്നതമാം പ്രതാപസോപാനത്തി-
ലെത്തുവാനില്ലെനിക്കാശ ദേവി!

രാജകുമാരി

മാനവരാശിക്കുമീവകയല്ലാതെ
ഹാ! നിനക്കെന്നിൽനിന്നെന്തുവേണം?

ഭിക്ഷു

കോടക്കാറൊത്തൊരക്കോമളവേണിയിൽ
ചൂടിയചെമ്പകപ്പൂവിൽനിന്നും
ഒററയ്ക്കൊരുകൊച്ചിതളുതന്നാൽ മതി
മുററും കൃതാർത്ഥനായ് ഞാൻ മടങ്ങാം!

രാജകുമാരി

അത്യന്തതുച്ഛമാമ്പ്പൂവിതളിനാൽ
സിദ്ധിപ്പതെന്തു നിനക്കു മന്നിൽ?

ഭിക്ഷു

ലബ്ധപ്രതാപരാം ഭൂവരനന്ദനർ
സ്വപ്നത്തിൽ കാണാത്ത ചാരിതാർത്ഥ്യം
പ്രാണനാളത്തിൽവന്നൊട്ടിപ്പിടിക്കുന്ന
ചേണഞ്ചിടുന്നൊരു വേണുഗാനം—

Digitized By Kerala Sahitya Akademi

അക്കൊച്ചുപൂവിതൾവിശ്രുതം പരിമള-
സ്വർഗ്ഗംഗയിങ്കലലിഞ്ഞൊഴുകി
പോകുമെൻചേതനയോരോരോ ഗന്ധർവ്വ-
ലോകംകടന്നു കടന്നു നിത്യം;
മാമകജീവിതമങ്ങനെ ശാന്തിതൻ-
മാമരച്ഛായയിലുല്ലസിക്കും!
ആകയാലക്കൊച്ചുചെമ്പകപ്പൂവിത-
ളേകിയാൽ പോരുമെനിക്കു ദേവി!

രാജകുമാരി

ദേവ, ഭവാനെപ്പോലത്ര്യുജ്ജ്വലനായ്
ഭൂവിങ്കലില്ലൊരു സാർവ്വഭൗമൻ!
ഇച്ചെമ്പകപ്പൂവൊടൊപ്പമർപ്പിക്കുന്നു
നിൻചേവടിയിൽ ഞാനെന്നെത്തന്നെ!
കൈതവമറ്റൊരിത്തുച്ഛോപഹാരത്തെ
കൈക്കൊള്ളാതെ വെടിയൊല്ലാ, മഹാമതേ! നീ.

# അർത്ഥന.

ഞാനു,മെൻപ്രേമവും,മണ്ണടിയും
ഗാനമേ, നീയും പിരിഞ്ഞുപോകും
അന്നു നാം മൂവരു,മൊന്നുപോലീ
മന്നിനൊരോമനസ്വപ്നമാകും.
നിശ്ശബ്ദദുസ്സഹസങ്കടത്താൽ
നിത്യമെൻമാനസം നീറിയിട്ടും
ആനന്ദഗാനമേ, നിന്നെ ഞാനെൻ-
പ്രാണനിൽച്ചേർത്തു പുണർന്നതില്ലേ?
നിഷ്ഠുരലോകത്തിൻദർശനത്തിൽ
ഞെട്ടിത്തെറിക്കുമെൻഭാവനകൾ
കോരിത്തരിച്ചില്ലേ, തൽക്ഷണം നിൻ-
കോമളസ്പർശനനിർവൃതിയിൽ?
അത്രയ്ക്കനർഘമാം നിന്നമൃത-
മിത്രനാൾ കോരിക്കുടിച്ചോരെന്നെ
നിർദ്ദയമൃത്യുവപഹരിച്ചാ-
ലല്പമതിലെനിക്കില്ല ഖേദം!!

* * *

കോമളസ്വപ്നങ്ങൾ കണ്ടുകണ്ടും
[illegible]പ്രേമത്തെയുമ്മവെച്ചും
എന്നെന്നും ശാന്തിതൻശീതളമാം-
ചന്ദനച്ഛായയിൽ ഞാനുറങ്ങും.
മന്നിൽ ഞാൻ മാഞ്ഞാലു,മൽപ്പൂവുമ-
ന്നെന്നെയോർത്താരും കരയരുതേ!!...

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi